കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കാവാലം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-2019


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:doalp.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി.പി.10/789/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ-688011, തീയതി: 11.01.2021

ഫോൺ: 0477 2252753

email: doalp.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാവാലം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : - കാവാലം ഗ്രാമപഞ്ചായത്ത്- 2018 - 19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*****************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാവാലം ഗ്രാമപഞ്ചായത്തിന്റെ 2018 - 19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി.പി.10/789/2020 തീയതി: 11.01.2021

# ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമ പഞ്ചായത്ത്

# 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

# ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.01.2019 മുതൽ 31.10.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | സന്തോഷ് കെ.വി.<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 09.11.2020 മുതൽ 18.11.2020 വരെ | ശ്രീമതി രമാ രാജൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ.രാജേഷ്.കെ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ശ്രീദേവി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.സുനിൽ.കെ.ബി, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി സന്ധ്യാ രമേശ് | 01.04.2018 മുതൽ 31.03.2019 വരെ |

2) <u>സെക്രട്ടറി</u>

| | | |
|---|---|---|
| 1 | ശ്രീ. ജി.രാജ്കുമാർ | 01.04.2018 മുതൽ 31.05.2018 വരെ |
| | | 16.06.2018 മുതൽ 17.07.2018 വരെ |
| 2 | ശ്രീ. എസ്. രാജശേഖരൻ,<br>അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്) | 01.06.2018 മുതൽ 15.06.2018 വരെ |
| | | 18.07.2018 മുതൽ 07.08.2018 വരെ |
| 3 | ശ്രീ. പി. വി. വിനോദ് | 08.08.2018 മുതൽ 08.10.2018 FN വരെ |
| 4 | ശ്രീമതി റാഷിദ | 08.10.2018 AN മുതൽ 31.03.2019 വരെ |

3) <u>സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ /ചെയർപേഴ്സൺ</u>

| | | പേര് | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ. ഒ. ജി.ഷാജി | 01.04.2018 മുതൽ 31.03.2019വരെ |
| 2 | വികസനകാര്യം | ശ്രീമതി ദീപമോൾ | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ. ഡോ. റ്റി.എൻ.രാമൻപിള്ള | 01.04.2018 മുതൽ 31.03.2019 വരെ |
| | ആരോഗ്യകാര്യം -<br>വിദ്യാഭ്യാസകാര്യം | ശ്രീമതി റീനമോൾ | 01.04.2018 മുതൽ 31.03.2019 വരെ |

4) <u>മറ്റ് നിർവ്വഹണഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ</u>

| ക്രമ നം. | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. തിലകൻ. റ്റി.ആർ | 01.04.2018 മുതൽ 31.01.2019 വരെ |
| | | ശ്രീമതി. അജിതകുമാരി | 01.02.2019 മുതൽ 25.02.2019 വരെ |
| | | ശ്രീ.രഞ്ജിത്ത് | 26.02.2019 മുതൽ 11.03.2019 വരെ |
| | | ശ്രീ.ഫസലുൽ റഹ്മാൻ | 12.03.2019 മുതൽ 31.03.2019 വരെ |
| 2 | കൃഷി ഓഫീസർ | ശ്രീ. അഖിൽ.കെ.ആന്റോ | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. മോനിഷ | 01.04.2018 മുതൽ 28.08.2018 വരെ |
| | | | 08.11.2018 മുതൽ 15.01.2019 വരെ |
| | | ശ്രീമതി. ഷീല.വി | 29.08.2018 മുതൽ 23.09.2018 വരെ |

| | | | |
|---|---|---|---|
| | | ശ്രീമതി. ഫെമിത | 24.09.2018 മുതൽ 07.11.2018 വരെ |
| | | ശ്രീമതി. റിനി | 16.01.2019 മുതൽ 31.03.2019 വരെ |
| 4 | ഹെഡ്മിസ്ട്രസ്സ് | ശ്രീമതി. ഇന്ദിര റ്റി.കെ. | 01.04.2018 മുതൽ 31.03.2019 വരെ |
| 5 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.നിഥുൻ കബീർ | 01.04.2018 മുതൽ 31.03.2019 വരെ |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. പ്രീത നായിക് | 01.04.2018 മുതൽ 12.01.2019 FN വരെ |
| | | ഡോ. ലക്ഷ്മി. പി. | 12.01.2019 AN മുതൽ 31.03.2019 വരെ |
| 7 | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | ഡോ. ഹാരജ | 01.04.2018 മുതൽ 31.08.2018 വരെ |
| | | | 01.03.2019 മുതൽ 31.03.2019 വരെ |
| | | ഡോ. ജയഭാസ്കർ | 01.09.2018 മുതൽ 31.01.2019 വരെ |
| | | ഡോ. കെ.എസ്.വിഷ്ണു നമ്പൂതിരി | 01.02.2019 മുതൽ 28.02.2019 വരെ |
| 8 | വെറ്ററിനറി സർജൻ | ഡോ. ഷീജ. വി.എം. | 01.04.2018 മുതൽ 31.03.2019 വരെ |
| 9 | വി.ഇ.ഒ, കുന്നമ്മ | ശ്രീ.അഖിൽ സെബാസ്റ്റ്യൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 10 | വി.ഇ.ഒ, കാവാലം | ശ്രീ.അനിൽകുമാർ .ബി | 01.04.2018 മുതൽ 31.03.2019 വരെ |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.സിനി.എസ്.നായർ | 01.04.2018 മുതൽ 31.03.2019 വരെ |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. എസ്. രാജശേഖരൻ | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം -1 |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം) |

| | | |
|---|---|---|
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കിലെ അപാകതകൾ |
| 13 | 1-13 | തൊഴിൽ /സ്ഥാപന നികുതി പിരിവിൽ അപാകതകൾ |
| 14 | 1-14 | ഫാക്ടറികൾക്കും,വ്യവഹാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്- പിരിവിൽ അപാകത |
| 15 | 1-15 | തട്ടാശ്ശേരി ജംഗാർ- ലേലം |
| 16 | 1-16 | ശമ്പള കുടിശ്ശിക-പരിഷ്കരിച്ച നിരക്കിനനുസൃതമായി പെൻഷൻ കോൺട്രിബ്യൂഷൻ ഈടാക്കിയിട്ടില്ല |
| 17 | 1-17 | ഫെസ്റ്റിവൽ അഡ്വാൻസ് 3000/- രൂപ ഈടാക്കാൻ ബാക്കിനിൽക്കുന്നു |
| 18 | 1-18 | പദ്ധതി ചെലവുകളുടെ വിനിയോഗ സാക്ഷ്യപത്രം/പ്രവർത്തന പുരോഗതി വിവരം ലഭ്യമല്ല |
| 19 | 1-19 | വാർഡ്തല ശുചീകരണം - ചെലവ് വൗച്ചറുകൾ ഹാജരാക്കിയില്ല |
| 20 | 1-20 | പ്രളയദുരിതാശ്വാസം- കുടിവെള്ളവിതരണം- രേഖകളില്ലാതെ തുക അനുവദിച്ചു |
| 21 | 1-21 | പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള ടാങ്ക് |
| 22 | 1-22 | അഭയം-മാനസീക ആരോഗ്യ പദ്ധതി-ചെലവ് രേഖകൾ അപൂർണ്ണം |
| 23 | 1-23 | പി.എച്ച്.സി.യ്ക്ക് ഫോട്ടോകോപ്പിയർ |
| 24 | 1-24 | വി.ഇ.ഒ യുടെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൌണ്ടിൽ ലൈഫ് പദ്ധതിയ്ക്കായി ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു |
| 25 | 1-25 | 'ജ്വാല'പദ്ധതി - യോഗ പരിശീലന സ്ഥാപനത്തെ തിരഞ്ഞെടുത്തത് യോഗ്യതാ മാനദണ്ഡം പാലിച്ചിട്ടില്ല |
| 26 | 1-26 | ഓഡിറ്റ് ഇംപാക്ട് - അംഗൻവാടികൾക്ക് ബേബി ബെഡ് - കരാറുകാരന് അധിക തുക നല്കിയത് തിരിച്ചടച്ചു |
| 27 | 1-27 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെരിറ്റോറിയസ് സ്കോളർഷിപ്പ് - അധിക തുക നൽകിയത് നിരാകരിക്കുന്നു |
| 28 | 1-28 | അംഗീകൃത ടെണ്ടർ നിരക്കിലധികരിച്ച് വാങ്ങൽ നടത്തിയത് മൂലം അധികച്ചെലവ് |
| 29 | 1-29 | തുടർവിദ്യാഭ്യാസം-- പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ |
| 30 | 1-30 | കണ്ടകത്തുശ്ശേരി 26-ൽ മുതൽ കരിക്കമഠം പാലം വരെ റോഡ് കോൺക്രീറ്റിംഗ്-ക്വാറിമക്ക് വിരിക്കലിന് അധിക നിരക്ക് നൽകി |
| 31 | 1-31 | പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കിയില്ല |
| 32 | 1-32 | ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നുള്ള ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല |
| 33 | 1-33 | റോഡ് കണക്റ്റിവിറ്റി ഭൂപടം തയ്യാറാക്കാതെയുള്ള റോഡ് വികസന പ്രവർത്തനങ്ങൾ - വികസന സാധ്യത ഉറപ്പാക്കുന്നില്ല |
| 34 | 1-34 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-മെറ്റീരിയൽ പ്രവൃത്തികളിൽ കരാറുകാർക്ക് നിയമാനുസൃത കുറവ് വരുത്താതെ തുക അനുവദിച്ചു |
| ഭാഗം -2 | | |
| ഇല്ല | | |

| | | |
|---|---|---|
| ഭാഗം -3 | | |
| 36 | 3-1 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെരിറ്റോറിയസ് സ്കോളർഷിപ്പ് - അധിക തുക നൽകിയത് നിരാകരിക്കുന്നു |
| 37 | 3-2 | അംഗീകൃത ടെണ്ടർ നിരക്കിലധികരിച്ച് വാങ്ങൽ നടത്തിയത് മൂലം അധികച്ചെലവ് |
| 38 | 3-3 | കണ്ടകത്തുശ്ശേരി 26-ൽ മുതൽ കരിക്കമഠം പാലം വരെ റോഡ് കോൺക്രീറ്റിംഗ്-ക്വാറിമക്ക് വിരിക്കലിന് അധിക നിരക്ക് നൽകി |
| ഭാഗം -4 | | |
| 39 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 40 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 41 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 42 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 43 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 44 | 4-6 | ഓഡിറ്റ് റിക്കവറി |
| 45 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 46 | 4-8 | ചാർജ് / സർചാർജ് നടപടികളുടെ വിവരം. |
| 47 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 48 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 49 | അനുബന്ധം.1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 50 | അനുബന്ധം.2 | |

## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 15.03.2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 147422349 | 146761582 |
| വാർഷിക കണക്ക് പ്രകാരം | 44096509 | 45777396 |

ബജറ്റു പ്രകാരം കണക്കാക്കിയിരുന്ന വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ വലിയ അന്തരം ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിലെ വരവു ചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവ് ചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.05.2019 | 17.05.2019 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| | | |
|---|---|---|

| വർഷം | സർട്ടിഫിക്കറ്റ് നം./ തീയതി | പരാമർശം |
|---|---|---|
| 2018-19 | കെ.എസ്.എ-എ.എൽ.പി./പി.10-577/19 തീയതി.29.06.2019 | വിശേഷണങ്ങളോടു കൂടിയത് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8865063 |
| വരവ് | 44096509 |
| ആകെ | 52961572 |
| ചെലവ് | 45777396 |
| നീക്കിയിരിപ്പ് | 7184176 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം* | 0 | 12394000 | 12394000 | 11842579 | 551421 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2784000 | 2784000 | 1601619 | 1182381 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 36000 | 36000 | 0 | 36000 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2280000 | 2280000 | 1942255 | 337745 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2780000 | 2780000 | 1941219 | 838781 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 7514993 | 7514993 | 3892045 | 3622948 |
| ബി ഫണ്ട് | 0 | 31278120 | 31278120 | 31278120 | 0 |

(*3ാം ഗഡു വിഹിതത്തിൽ നിന്ന് കെ.ഡബ്ല്യ.എ കുടിശിക, കെ.എസ്.ഇ.ബി. വിഹിതം യഥാക്രമം 9172/-, 11202/- കുറവ് ചെയ്ത തുക ഉൾപ്പെടെ).

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കി | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ചത്- |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | യത് (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | ശതമാനം |
|---|---|---|---|---|---|---|
| 124 | 75165270 | 83 | 35556911 | 13 | 28 | 67 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 12896 | 513045 | 525941 | 503568 | 22373 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 28108000 | 28108000 | 28108000 | 0 |
| ആകെ | 12896 | 28621045 | 28633941 | 28611568 | 22373 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 202320 | 43 |
| കർഷകതൊഴിലാളി പെൻഷൻ | 13294000 | 1115 |
| വിധവാ പെൻഷൻ | 5086000 | 414 |
| വാർദ്ധക്യകാല പെൻഷൻ | 9486800 | 823 |
| വികലാംഗ പെൻഷൻ | 2676600 | 209 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 532400 | 45 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.11.2020-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 647/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. സ്ഥാപനത്തിലെ ജീവനക്കാരുടെ ജോലിവിഭജനം കൃത്യമായി രേഖപ്പെടുത്തുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.

3. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഓരോ ഇനത്തിലുമുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

4. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

5. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12/2019 | 11/2019 | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ് | 26.02.2016 | 2010-2011 മുതൽ 2014-15 വരെ | 21.04.2016 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

കെ.എസ്.എ-എ.എൽ.പി./പി10-577/19 തീയതി.29.06.2019 പ്രകാരം പുറപ്പെടുവിച്ച അക്കൗണ്ട് സർട്ടിഫിക്കറ്റിൽ പ്രതിപാദിച്ചിരുന്ന അപാകതകൾ പരിഹരിച്ചിട്ടില്ല.

## 1-13 തൊഴിൽ /സ്ഥാപന നികുതി പിരിവിൽ അപാകതകൾ

<u>തൊഴിൽ നികുതി ഈടാക്കിയില്ല</u>

1994-ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(ii) എ(1) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ ഒരു തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്ക് വിധേയനാകും. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച വരുന്ന റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. റേഷൻ കടകളിലെ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തി വിവരം തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തി ടിയാളുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ് (സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22.08.2019 ലെ No. (CS)എ 9-764/2009 നമ്പർ ഉത്തരവ് ).

കൈനടി പോലീസ് സ്റ്റേഷൻ, കെ.എസ്.ഇ.ബി, എന്നീ ഓഫീസുകളിലെ ജീവനക്കാരുടെ വിവരങ്ങൾ ഡിമാൻറ് രജിസ്റ്ററിൽ ഉൾപ്പെടുത്തി തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല.

<u>തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്</u>

| ക്രമ നം. | പേര്, ഉദ്യോഗപ്പേര്, സ്ഥാപനം | വരുമാനം അർദ്ധവർഷം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|
| 1 | അഖിൽബാബു,<br>ബാങ്ക് മാൻ<br>ഫെഡറൽ ബാങ്ക് | 100410/-<br>(2) | 1000/- | 750/- | 250/- |
| 2 | ജോകേഷ് വർഗീസ്<br>എൽ.പി.എസ്.എ | 187338/- (1) | 1250/- | ഇല്ല | 1250/- |
| 3 | റാണി തോമസ്സ്<br>എൽ.പി.എസ്.എ | 205152/-(1) | 1250/- | ഇല്ല | 1250/- |
| 4 | പ്രീണ ചാക്കോ | 190753/- (1) | 1250/- | ഇല്ല | 1250/- |
| | | | ആകെ | | 4000/- |

ക്രമനം.2,3,4 ൽ കാണിച്ചിട്ടുള്ള അദ്ധ്യാപകരുടെ നിയമനത്തിന് 2018-19 ആദ്യ പകുതിയിൽ അംഗീകാരം ലഭിച്ചിരുന്നില്ല എന്ന കാരണത്താൽ തൊഴിൽ നികുതി അടച്ചിരുന്നില്ല. എന്നാൽ രണ്ടാം അർദ്ധവർഷം ആ അർദ്ധവർത്തെ മാത്രം തൊഴിൽ നികുതി അടച്ചിട്ടുണ്ട്. ആദ്യ പകുതിയിലെ നികുതി ഈടാക്കേണ്ടതാണ്.

<u>കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

ടെൻഡർ രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 വർഷം താഴെ പറയുന്ന കരാറുകാർ പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയതായിട്ടുണ്ട്. എന്നാൽ ഇവരിൽ നിന്നും വാർഷിക വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) വി.സി. ശ്യാംകുമാർ

2) അഭിലാഷ് കുമാർ

3) അനിരുദ്ധൻ

4) പി.ജെ.ആന്റണി.

5) ദേവസ്യാ സെബാസ്റ്റ്യൻ

6) ശ്രീജിത്ത്

7) സിനോജ് ജേക്കബ്ബ്

8) കെ. സന്തോഷ്.

9) അജീഷ്. വി.എ.

10) തോമസ്സ് രാജീവ്

11) വി.ഡി. സുനിൽ കുമാർ

12) മധുസൂദനൻ

13) റെജിമോൻ

<u>സ്ഥാപന നികുതി അടവാക്കിയിട്ടില്ല</u>

എസ്.ബി.ഐ, ഡി.സി.ബി, മുത്തൂറ്റ്, മാവേലിസ്റ്റോർ എന്നീ സ്ഥാപനങ്ങൾ 2018-19 വർഷത്തെ സ്ഥാപന നികുതി അടവാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

മുകളിൽ സൂചിപ്പിച്ച വിവിധ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം – 8 ന്(16.11.2020) മറുപടി ലഭ്യമാക്കിയില്ല.

## 1-14 ഫാക്റ്ററികൾക്കും,വ്യവഹാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്- പിരിവിൽ അപാകത

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, മാവേലി സ്റ്റോർ, കള്ള് ഷാപ്പുകൾ, തുടങ്ങിയ സ്ഥാപനങ്ങൾ 2018-19 വർഷം ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചു വരുന്നു. നിലവിലും ഇവ ലൈസൻസില്ലാതെയാണ് പ്രവർത്തിച്ചു വരുന്നത്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഭൂരിഭാഗം സ്ഥാപനങ്ങളും യഥാസമയം ലൈസൻസ് പുതുക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 106 സ്ഥാപനങ്ങളാണ് പഞ്ചായത്തിലുള്ളത്. എന്നാൽ ഇതിൽ 26 സ്ഥാപനങ്ങളും ലൈസൻസ് പുതുക്കിയിട്ടില്ല. സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 30 ദിവസം മുൻപ് ലൈസൻസ് പുതുക്കുന്നതിനുള്ള

അപേക്ഷ പഞ്ചായത്തിൽ നൽകിയിരിക്കണമെന്നതാണ് ചട്ടം. ഇത് പഞ്ചായത്തിൽ പാലിക്കപ്പെടുന്നതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 17/ 16-11-20 ന് ലഭ്യമാക്കിയ മറുപടിയിൽ റേഷൻ കടകൾ, മാവേലി സ്റ്റോർ, കള്ള് ഷാപ്പുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് അടിയന്തിരമായി നോട്ടീസ് നൽകി ലൈസൻസ് നല്കുന്നതാണെന്നും, ബാക്കി സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ യഥാസമയം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തനത് വരുമാനം തീരെ കുറവായ പഞ്ചായത്താണെന്നതിനാൽ ലഭിക്കേണ്ട വരുമാനം യഥാസമയം തന്നെ പിരിച്ചെടുക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 തട്ടാശ്ശേരി ജംഗാർ- ലേലം

ലേല ഡയറിയും, അനുബന്ധഫയലുകളും പരിശോധിച്ചതിൽ (ഫയൽ നം. 2956/2017) 2018-19 വർഷം തട്ടാശ്ശേരി ജംഗാർ ലേലം നടത്തിയിട്ടില്ലായെന്നു കാണുന്നു. പഞ്ചായത്ത് കമ്മറ്റിയുടെ 27/03/2017 ലെ 1(1) നമ്പർ തീരുമാന പ്രകാരം ശ്രീ. സുധീർ, പെരുംപള്ളിൽ, പുത്തൻപറമ്പിൽ എന്നയാൾക്ക് 2017-18, 2018-19 എന്നീ വർഷങ്ങളിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ ജംഗാർ നടത്തുവാൻ അനുമതി നൽകി, ടിയാനുമായി കരാർ വെയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. 2017-18 ൽ 3,00,000/- രൂപയ്ക്കും, 2018-19 ൽ 3,30,000/- രൂപയ്ക്കുമാണ് കരാർ ഉറപ്പിച്ചത്. കരാർ ഉറപ്പിക്കുമ്പോൾ ഫോറം-എ ലൈസൻസ്, ഡി ഫോറം ലൈസൻസ്, സർവ്വേ സർട്ടിഫിക്കറ്റ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ജംഗാർ സർവ്വീസ് നടത്തുന്നതിനാവശ്യമായ വള്ളത്തിന്റെയും, ഡ്രൈവറുടേയും രേഖകൾ, സോൾവെൻസി സർട്ടിഫിക്കറ്റ് എന്നിവയൊന്നും ഹാജരാക്കിയിരുന്നില്ല. ഇവയൊക്കെ സെക്രട്ടറി ആവശ്യപ്പെടുന്നത് തന്നെ 18-06-2018 ലെ ഒരു കത്തിലൂടെയാണ്. കരാർ നടപ്പിൽ വന്ന ശേഷം പഞ്ചായത്തിനു നൽകേണ്ട തുക ടിയാൾ യഥാസമയം നൽകാതിരിക്കുകയും, നിരവധി കത്തിടപാടുകൾക്കും ആർ. ആർ നടപടികൾക്കും ശേഷം 3/2019 ലാണ് കുടിശിക സഹിതം പണം പൂർണ്ണമായി അടച്ചു തീർത്തത്.

2017-18 ൽ ലേലത്തിൽ പങ്കെടുക്കുവാൻ ആൾക്കാർ തയ്യാറായിരുന്നിട്ടും, മുൻ വർഷം കരാറെടുത്തയാൾ 10% തുക കൂട്ടി കരാറെടുക്കാൻ തയ്യാറാണെന്ന കാരണം നിരത്തി ലേലം നടത്തിയില്ല. 2019 ൽ ഹൈക്കോടതി മുൻപാകെ കേസ് ഫയൽ ചെയ്തതിനു ശേഷമാണ് ലേല നടപടികൾ ആരംഭിച്ചത്. 2019-20 ൽ ലേലം നടന്നു ജോർജ്കുട്ടി എന്ന വ്യക്തി 7,15,000/- രൂപയ്ക്കാണ് കടത്ത് ലേലം കൊണ്ടത്. ആ വർഷം ലേലം നടന്നത് ജൂൺ മാസത്തിൽ അതിനു മുൻപുള്ള രണ്ട് മാസം കടത്ത് നടത്താൻ ശ്രീ. സുധീറിനു തന്നെ പഞ്ചായത്ത് താൽക്കാലിക അനുമതി നൽകിയിരുന്നു. ഇതിൽ നിന്നും 55,000/- രൂപ (27500x2) പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. അതായത് 2019-20 ൽ തട്ടാശ്ശേരി കടത്ത് ലേലത്തിൽ നിന്നും പഞ്ചായത്തിന് ലഭിച്ച വരുമാനം 7,70,000/- രൂപ. (7,15,000/- +55,000/-) 2018-19 ൽ കരാറടിസ്ഥാനത്തിൽ നൽകിയപ്പോൾ ലഭിച്ചതിനേക്കാൾ 4,40,000/- രൂപ കൂടുതൽ (770000-330000). ഇങ്ങനെ വർഷങ്ങളായി ലേലം നടത്താതെ കരാറടിസ്ഥാനത്തിൽ കടത്ത് നടത്തുവാൻ അനുമതി നൽകിയതിനാൽ പഞ്ചായത്തിന് വലിയ സാമ്പത്തിക നഷ്ടമുണ്ടായതായി ഓഡിറ്റിൽ വിലയിരുത്തുന്നു. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 18/17-11-20 മറുപടി നൽകിയിട്ടുണ്ട്. 2018-19 വരെ ജംഗാർ സർവ്വീസ് നടത്തി പരിചയമുള്ള ആരും സമീപിക്കാതിരുന്നതിനാലാണ് ലേലം നടത്താതിരുന്നതെന്നും, കരാർ എടുത്തയാൾ ജനങ്ങൾക്ക് പരാതിയില്ലാത്ത വിധമാണ് സർവ്വീസ് നടത്തിയിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ 2019-20 ൽ ലേലം കൊണ്ടയാൾ തീരെ ഉത്തരവാദിത്തമില്ലാതെയാണ് ജംഗാർ നടത്തിയിരുന്നതെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിനുണ്ടായ സാമ്പത്തിക നഷ്ടത്തെക്കുറിച്ചോ, യാതൊരു സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കാതെ, കരാറുകാരൻ ജംഗാർ സർവ്വീസ് നടത്തിയതിനെക്കുറിച്ചോ മറുപടിയിൽ ഒന്നും തന്നെ സൂചിപ്പിച്ചിട്ടില്ല. വിഷയത്തിന്മേൽ വിശദമായ അന്വേഷണം നടത്തുന്നതിലേയ്ക്ക് ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 ശമ്പള കുടിശ്ശിക-പരിഷ്കരിച്ച നിരക്കിനനുസൃതമായി പെൻഷൻ കോൺട്രിബ്യൂഷൻ ഈടാക്കിയിട്ടില്ല

ചെക്ക് നം. 8367892തീയതി 27.04.2018 തുക- 130799

ചെക്ക് നം. 8367900തീയതി.26.06.2018 തുക- 49676

ചെക്ക് നം. 2433514 തീയതി.06.10.2018 തുക- 124062

സ.ഉ.(പി)7/2016/ഫിൻ.തീയതി 20.01.2016 പ്രകാരം സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും 07/14 മുതൽ 01/16 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി നൽകുന്നതിനും ഉത്തരവായിട്ടുള്ളതാണ്. മേൽ ഉത്തരവ് പ്രകാരം പരിഷ്കരിച്ച ശമ്പളത്തിനനുസൃതമായ പെൻഷൻ കോൺട്രിബ്യൂഷൻ 01.07.2014 മുതൽ ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിരുന്നു. കാവാലം ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്ക് 2018-19 സാമ്പത്തികവർഷം ശമ്പള കുടിശ്ശികയുടെ അവസാന രണ്ടു ഗഡുക്കൾ മേൽ ചെക്കുകൾ പ്രകാരം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ജീവനക്കാരുടെ പുതുക്കിയ ശമ്പളത്തിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല (നം.1/13.11.2020). ജീവനക്കാരുടെ പരിഷ്കരിച്ച ശമ്പളത്തിനനുസൃതമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### 1-17 ഫെസ്റ്റിവൽ അഡ്വാൻസ് 3000/- രൂപ ഈടാക്കാൻ ബാക്കിനിൽക്കുന്നു

അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്ക് 2017-18 വർഷം അനുവദിച്ച ഫെസ്റ്റിവൽ അഡ്വാൻസ് 3,000/- രൂപ തിരികെ ലഭിക്കുവാനുണ്ട്. പ്രസ്തുത അഡ്വാൻസ് നൽകിയതിന്റെ വിശദാംശവും തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരവും അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/17.11.2020) ലഭിച്ച മറുപടിയിൽ ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റായിരുന്ന ശ്രീ.സി.എ.ജോസഫ് തിരികെ ഒടുക്കുവാനുള്ള തുകയാണ് എന്ന് അറിയിച്ചു. ടിയാൻ സ്ഥലം മാറ്റം ലഭിച്ച് പോയ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിൽ തുക ഒടുക്കിയിട്ടുണ്ടെന്നും ആയത് നാളിതുവരെ ലഭ്യമായിട്ടില്ലെന്നും പാലക്കാട് ജില്ലാ ഡി.ഡി.പി.യ്ക്ക് കത്ത് നൽകി അപാകത പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. തുക തിരികെ ഈടാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

### 1-18 പദ്ധതി ചെലവുകളുടെ വിനിയോഗ സാക്ഷ്യപത്രം/പ്രവർത്തന പുരോഗതി വിവരം ലഭ്യമല്ല

താഴെ ചേർക്കുന്ന പദ്ധതി ചെലവുകളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം/പ്രവർത്തന പുരോഗതി വിവരം എന്നിവ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/11/2020) മറുപടി ലഭിച്ചില്ല. ടി വിവരം ലഭ്യമല്ലാത്തതിനാൽ ചെലവുതുക 445534/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ചെലവിനം /നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക/പദ്ധതിവിഹിതം വിശദവിവരം | തുക നൽകിയത്/ കൈപ്പറ്റിയത് | ബിൽ നമ്പർ / തീയതി |
|---|---|---|---|
| 1. S S A (dev.fund .gen) പ്രോജക്ട് നം.S006/18-19 സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 200000 (വികസന ഫണ്ട് – ജനറൽ) | SSA Dist. Proj: office' | 09/18-19 dt 25/07/18 |
| 2. സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പ്രോജക്ട് നം.S0152/18-19 സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 245534 (ധനകാര്യ കമ്മീഷൻ വിഹിതം) | KSEB Ele; Sub; Division, Moncompu | 41/18-19 dt 24/11/18 |

വിനിയോഗ സാക്ഷ്യപത്രം, പദ്ധതികളുടെ പൂർത്തീകരണ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-19 വാർഡ്തല ശുചീകരണം - ചെലവ് വൗച്ചറുകൾ ഹാജരാക്കിയില്ല

വാർഡ്തല ശുചീകരണ പ്രവർത്തനങ്ങൾക്കായി ലഭിച്ച ശുചിത്വമിഷൻ ഫണ്ട് (1,30,000/- ചെക്ക് നം. 410816 തീയതി.30.07.2018) 10,000/- രൂപ വീതം ഓരോ വാർഡ് തല സാനിട്ടേഷൻ സമിതി കൺവീനർമാരുടെ അക്കൗണ്ടിലേയ്ക്കും നൽകിയിട്ടുണ്ട്. ഈ തുകയുടെ ചെലവ് വൗച്ചർ, സാനിട്ടേഷൻ സമിതിയുടെ പാസ്സ് ബുക്ക്, മിനിട്ട്സ് ബുക്ക് എന്നിവ പരിശോധയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ചെലവ് രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.01/13.11.2020) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 1,30,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-20 പ്രളയദുരിതാശ്വാസം- കുടിവെള്ളവിതരണം- രേഖകളില്ലാതെ തുക അനുവദിച്ചു

പ്രളയദുരിതാശ്വാസം- കുടിവെള്ളവിതരണം നടത്തിയതിന് ശ്രീ.സനീഷ്, ശ്രീ. ഷൈബു, ശ്രീ. അനിൽ കുമാർ എന്നീ വ്യക്തികൾക്ക് ചുവടെ ചേർക്കും പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ കുടിവെള്ളവിതരണം നടത്തുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ, എഗ്രിമെന്റ്, കുടിവെള്ളം വിതരണം നടത്തിയതിന്റെ ട്രിപ്പ് ഷീറ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| കുടിവെള്ളവിതരണം നടത്തിയ വ്യക്തി | നൽകിയ തുക | വൗച്ചർ നം./തീയതി |
|---|---|---|
| ശ്രീ.സനീഷ് | 40000 | 21800284/<br>17.09.2018 |
| | 70000 | 21800288/24.09.2018 |
| | 262000 | 21800356/08.10.2018 |
| ശ്രീ. ഷൈബു | 75050 | 21800286/24.09.2018 |
| | 58800 | 21800287/24.09.2018 |
| | 131350 | 21800364/08.10.2018 |
| ശ്രീ. അനിൽകുമാർ | 62000 | 21800365/08.10.2018 |
| ആകെ | 699200 | |

കുടിവെള്ളത്തിന്റെ അളവ്, വാർഡ്, ട്രിപ്പുകളുടെ എണ്ണം, നൽകിയ തുക എന്നിവ രേഖപ്പെടുത്തിയ ഒരു സ്റ്റേറ്റ്മെന്റ് മാത്രമാണ് ഫയലിലുള്ളത്. വിവിധ വാർഡുകളിൽ കുടിവെള്ളവിതരണം നടത്തിയത് സംബന്ധിച്ച് ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രമുൾപ്പടെയുള്ള രേഖകളില്ലാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ 6,99200/- രൂപയുടെ ചെലവ് തസ്സപ്പെടുത്തുന്നു. കുടിവെള്ള വിതരണത്തിനായി സമർപ്പിക്കപ്പെട്ട ക്വട്ടേഷനുകൾ, വിതരണം സംബന്ധിച്ച കരാർ, ജലവിതരണം സംബന്ധിച്ച സാക്ഷ്യപത്രം, ട്രിപ്പ് ഷീറ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-21 പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള ടാങ്ക്

പ്രോജക്റ്റ് നം. 0027/18-19

അടങ്കൽ 200000 (വികസന ഫണ്ട്, എസ്.സി.പി)

1392/- (തനത് ഫണ്ട്)

67158 (ഗുണഭോക്തൃ വിഹിതം)

268550/- (ആകെ)

ചെലവ് 2,62,000/-

ബിൽ നം. 2/27-02-19 (81879)

3/02-03-19 (49125)

4/07-03-19 (65480)

ഗുണഭോക്തൃ വിഹിതം 65520/- (ചെക്ക് നം.2433550/31.03.2019)

നിർവ്വഹണം അസിസ്റ്റന്റ് സെക്രട്ടറി

2018-19 ൽ നടപ്പിലാക്കിയ ഈ പദ്ധതിയ്ക്ക് ആകെ ചെലവു ചെയ്തിട്ടുള്ളത് 262000/- രൂപയാണ്. 3275/-രൂപ വിലയുള്ള 80 ടാങ്കുകൾ വാങ്ങിയതായി രേഖയുണ്ട്. എന്നാൽ വിതരണ/കൈപ്പറ്റ് രേഖകൾ പ്രകാരം 76 ടാങ്കുകളാണ് വിതരണം നടത്തിയിട്ടുള്ളത്. ഗ്രാമസഭയും, പഞ്ചായത്തും അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റും, അതിൽ ഗുണഭോക്താക്കളും ഉണ്ടായിരിക്കെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ആളുകൾക്ക് ആനുകൂല്യം നൽകിയതായി പരിശോധനയിൽ കാണുന്നു. അംബികാ മനോജ്, വാർഡ് നം. 5, സോമൻ വലിയതറ, ചെറുകര എന്നീ ഗുണഭോക്താക്കളുടെ പേരു വിവരങ്ങൾ ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ലഭ്യമല്ല. അതുപോലെ ഗുണഭോക്തൃവിഹിതം അടച്ചതുമായി ബന്ധപ്പെട്ട കളക്ഷൻ രജിസ്റ്റർ ഓഡിറ്റിൽ ഹാജരാക്കിയില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം (9/16-11-2020) ന് നൽകിയ മറുപടിയിൽ 80 പേരിൽ നിന്നും ഗുണഭോക്തൃവിഹിതം കൈപ്പറ്റിയെന്നു പറയുന്നു. ആയതിന്റെ രേഖകളൊന്നും തന്നെ ഹാജരാക്കിയില്ല. എത്ര കുടിവെള്ള ടാങ്കുകൾ വിതരണം നടത്തിയെന്നതിനെക്കുറിച്ചും മറുപടിയിൽ പരാമർശമില്ല. വിതരണരേഖകൾ ലഭ്യമല്ലാത്ത 4 ടാങ്കുകളുടെ വിലയായ 9824/- രൂപ (2456x4) (ഗുണഭോക്തൃവിഹിതം 819x4 ഒഴികെ) തടസ്സപ്പെടുത്തുന്നു.

1-22 അഭയം-മാനസീക ആരോഗ്യ പദ്ധതി-ചെലവ് രേഖകൾ അപൂർണ്ണം

പ്രോജക്റ്റ് നം. 0021/18-19

അടങ്കൽ 200000/- (പ്ലാൻ ഫണ്ട്)

ചെലവ് 120700/-

ബിൽ നം. 3/21-11-18, 56650/-

" 5/16-03-19, 14150/-

" 8/21-03-19, 49900/-

നിർവ്വഹണം – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

ഈ പദ്ധതിയ്ക്കായി ചെലവഴിച്ച 1,20,700/- രൂപയിൽ 49900/- രൂപ മരുന്നുകൾക്കായി ചെലവഴിച്ചിട്ടുണ്ട്.

കൗൺസിലിംഗിനും ബോധവൽക്കരണ ക്ലാസ്സുകൾ നടത്താനും എറണാകുളത്തുള്ള മെഹാക് ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിൽ നിന്നുമാണ് കൗൺസിലർമാരും, സോഷ്യൽ വർക്കറുമാരും എത്തിയിരുന്നത്. എന്നാൽ ഈ ഫൗണ്ടേഷനെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം, നടപടിക്രമങ്ങൾ എന്നിവ ഹാജരാക്കിയില്ല. ഇവർക്ക് ടാക്സി കൂലിയിനത്തിൽ മാത്രം 36,000/- (3000x12) രൂപ നൽകിയിട്ടുണ്ട്. ഈ തുക ബാങ്ക് അക്കൗണ്ടുകളിലേയ്ക്കാണ് നൽകിയിട്ടുള്ളത്. ഈ അക്കൌണ്ടുകൾ ആരുടെതാണെന്ന് വ്യക്തമാക്കിയിട്ടില്ല. തന്നെയുമല്ല ഇവർക്ക് ടാക്സി കൂലിയിനത്തിൽ പണം നൽകിയതല്ലാതെ, സഞ്ചരിച്ച വാഹനത്തിന്റെ വിവരങ്ങൾ, വൗച്ചർ, ട്രിപ്പ് ഷീറ്റ് കൈപ്പറ്റ് രസീതുകൾ എന്നിവയൊന്നും തന്നെ ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 17/17-11-2020 ന് ലഭിച്ച മറുപടിയിൽ ഓഡിറ്റിൽ ഹാജരാക്കാനാവശ്യപ്പെട്ട രേഖകൾ സമർപ്പിക്കുന്നതിന് സാവകാശം നൽകണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. രേഖകളുടെ അഭാവത്തിൽ ടാക്സി കൂലിയിനത്തിൽ നൽകിയ 36000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 പി.എച്ച്.സി.യ്ക്ക് ഫോട്ടോകോപ്പിയർ

പ്രോജക്റ്റ് നം. 0145/18-19

അടങ്കൽ 50000/- (പ്ലാൻ ഫണ്ട്)

ചെലവ് 49000/-

ബിൽ നം. 6/21-03-19

നിർവ്വഹണം – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

ഫോട്ടോ കോപ്പിയർ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ തുക ക്വോട്ട് ചെയ്ത കെ.എം. ടെക്നോളജീസ് എന്ന സ്ഥാപനത്തിൽ നിന്നും ഷാർപ്പ് എആർ 6020 എൻ എന്ന ഫോട്ടോകോപ്പിയർ വാങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി കോപ്പിയർ ബൈ ബാക്ക് രീതിയിലാണ് വാങ്ങിയിട്ടുള്ളതെന്ന് ഫയലിൽ കാണുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 04/04/2019 ൽ പഴയ കോപ്പിയർ കെ.എം. ടെക്നോളജീസ് എറ്റെടുത്തിട്ടുണ്ട്. ഇതിന്റെ കൈപ്പറ്റ് രസീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ക്വട്ടേഷനിൽ ബൈ ബാക്ക് അടിസ്ഥാനത്തിലാണ് കോപ്പിയർ വാങ്ങുന്നതെന്ന വിവരം സൂചിപ്പിച്ചിട്ടില്ല. പഴയ കോപ്പിയർ എത്ര വർഷം പഴക്കമുള്ളതാണെന്നോ, ഇത് ഉപയോഗക്ഷമമല്ലെന്നോ, ഇതിന്റെ വില ആരാണ് നിശ്ചയിച്ചതെന്നോ, എത്ര രൂപ ഇതിന് ലഭിച്ചുവെന്നോ തുടങ്ങിയ രേഖകളൊന്നും ഫയലിലില്ല. പുതിയ കോപ്പിയറിന്റെ ബില്ലിൽ കെ.എം. ടെക്നോളജീസ് ബൈ ബാക്കിൽ വാങ്ങൽ നടത്തിയതിന്റെ പേരിൽ തുകയൊന്നും കുറച്ചു കൊടുത്തതായും കാണുന്നില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 16 ന് നൽകിയ മറുപടിയിൽ രേഖകൾ ഹാജരാക്കുന്നതിന് സാവകാശം നൽകണമെന്നു മാത്രമാണ് ആവശ്യപ്പെട്ടിരിക്കുന്നത്. രേഖകളുടെ അഭാവത്തിൽ കോപ്പിയർ വാങ്ങുന്നതിനായി ചെലവഴിച്ച 49000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 വി.ഇ.ഒ യുടെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൌണ്ടിൽ ലൈഫ് പദ്ധതിയ്ക്കായി ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു

വി.ഇ.ഒ യുടെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൌണ്ടിൽ (no;799011400003921) ഓഡിറ്റ് തീയതിയിലും (12/11/2020) ലൈഫ് ജില്ലാ പഞ്ചായത്ത് വിഹിതം 30000/-രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. തുക തിരികെ ഒടുക്കു വരുത്താതിരുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-10/16-11-2020) നിർവ്വഹണ ഉദ്യോഗസ്ഥൻ 16-11-2020 ൽ നൽകിയ മറുപടിയിൽ തുക ലൈഫ് ഗുണഭോക്താവായ ശ്രീ.സജികുമാറിന് അനുവദിച്ചിരുന്ന ജില്ലാ പഞ്ചായത്ത് വിഹിതം (വികസന ഫണ്ട്) ആയിരുന്നു എന്നും നിർമ്മാണപുരോഗതിയിലുള്ള വീടായിരുന്നതിനാൽ തുക തിരികെ ഒടുക്കു വരുത്താതിരുന്നത് എന്നും പിന്നീട് നിർമ്മാണം പൂർത്തീകരിക്കാതിരുന്നതിനാൽ തുക നൽകാതിരുന്നതാണ് എന്നും തുക അടിയന്തിരമായി തിരികെ ഒടുക്കുന്നതാണെന്നും അറിയിച്ചു. തുക 30000/- രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ തിരികെ ഒടുക്കുവരുത്തുന്നതിനോ വീട് നിർമ്മാണം പൂർത്തീകരിയ്ക്കുന്നതിനോ ആവശ്യമായ സത്വരനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 'ജ്വാല'പദ്ധതി - യോഗ പരിശീലന സ്ഥാപനത്തെ തിരഞ്ഞെടുത്തത് യോഗ്യതാ മാനദണ്ഡം പാലിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥ : I C D S Supervisor
പ്രോജക്ട് നം.S058/2018-19

2018-2019 വർഷം പൊതുവിഭാഗം വികസനഫണ്ട് 540000/-രൂപ വകയിരുത്തി നടപ്പാക്കിയ പദ്ധതിയാണിത്. കൌൺസലിംഗ്, കുടുംബ ജീവിത വിദ്യാഭ്യാസം നൽകുക, അംഗൻവാടി കുമാരി ക്ലബ്ബുകളുടെ ശാക്തീകരണം, യോഗ, ഫിറ്റ്നസ് എന്നിവയാണ് പദ്ധതി പ്രവർത്തനങ്ങൾ. പദ്ധതിയുടെ ഭാഗമായുള്ള യോഗ പരിശീലനത്തിനായി തിരഞ്ഞെടുക്കുന്ന സ്ഥാപനം "ആയുഷ്" അംഗീകൃതമായിരിക്കണമെന്ന നിബന്ധന ടെണ്ടറിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ പരിശീലനം നല്കിയ ശാന്തി യോഗ ഇൻസ്റ്റിറ്റ്യൂട്ട്, കവടിയാർ എന്ന സ്ഥാപനവും പരിശീലകരും മേൽ യോഗ്യതകൾ ഉള്ളവരാണോ എന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ഉൾപ്പെടുന്നില്ല. രേഖകൾ ഹാജരാക്കേണ്ടതും പരിശീലന സ്ഥാപനത്തെ തിരഞ്ഞെടുത്തതിൽ ആയുഷ് അംഗീകൃതം എന്ന മാനദണ്ഡം പാലിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതുമാണ് എന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.15/16-11-2020) നൽകിയിരുന്നു. ആയതിന് നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയ മറുപടിയിൽ ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചതെന്നും കേരളത്തിൽ യോഗ പരിശീലനത്തിന് കേരള സ്പോർട്സ് കൌൺസലിന്റെ അംഗീകാരമാണ് നല്കുന്നതെന്നും പരിശീലകരിൽ രണ്ടുപേർ ആയർവ്വേദ ഡോക്ടർമാർ ആയിരുന്നുവെന്നും അവരുടെ മേൽനോട്ടത്തിലാണ് പരിശീലനം നടന്നതെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അംഗീകാരം സംബന്ധിച്ച പ്രസ്തുത രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. പരിശീലകർ ആയുർവ്വേദ ഡോക്ടർമാർ ആയിരുന്നുവെന്നതിന്റെ തെളിവുകളും ലഭ്യമല്ല. ടി രേഖകളുടെ അഭാവത്തിൽ ചെലവുതുക Rs.175650/- (Bill No.032/ICDS/Kvlm/18-19 dt 08/03/19) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 ഓഡിറ്റ് ഇംപാക്ട് - അംഗൻവാടികൾക്ക് ബേബി ബെഡ് - കരാറുകാരന് അധിക തുക നല്കിയത് തിരിച്ചടച്ചു

Bill no 029/ICDS/kvlm/18-19 dt 23-02-19

നിർവ്വഹണ ഉദ്യോഗസ്ഥ : ICDS Supervisor, Kavalam
പ്രോജക്ട് നം.S053/2018-19

റോഡിതര മെയിന്റനൻസ് ഫണ്ട് വിഹിതം 75000/- രൂപ വകയിരുത്തി അംഗൻവാടികൾക്ക് 100 ബേബി ബെഡ് വാങ്ങി നൽകുന്നതിനായി പദ്ധതി വിഭാവനം ചെയ്തിരുന്നു. വാങ്ങലിനായി ക്ഷണിച്ച ടെണ്ടറിൽ കുറഞ്ഞ നിരക്ക രേഖപ്പെടുത്തിയ (Rs.750/- each) ശ്രീ. കണ്ണൻ, മറ്റയ്ക്കാടിന്റെ ടെണ്ടർ 06/12/18 തീയതിയിലെ 6(3) നമ്പർ തീരുമാനപ്രകാരം കമ്മറ്റി അംഗീകരിച്ചിരുന്നു. കരാറുകാരന്റെ പേരിലുള്ള മുദ്രപ്പത്രം (കരാർ മാതൃക) പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്താതെ ഫയലിൽ ഉൾപ്പെടുന്നുണ്ട്. ഫയലിൽ ഉൾപ്പെടുന്ന ഇൻവോയ്സ് (No.4 dt 11-02-19), സ്റ്റോക്ക് രജിസ്റ്റർ എന്നിവ പ്രകാരം കരാറുകാരൻ 75 ബെഡുകളാണ് സപ്ലൈ ചെയ്തിട്ടുള്ളത്. മാത്രവുമല്ല ഇൻവോയ്സ് രേഖപ്പെടുത്തൽ അനുസരിച്ച് ഒരു ബെഡിന്റെ വില 635.60/- രൂപയും CGST, SGST എന്നിവ ഓരോന്നും 9% വീതവുമാണ്. മേൽ പറഞ്ഞ വിലയനുസരിച്ച് 75 ബെഡുകൾക്ക് 47670/- രൂപയും ആയതിന്റെ CGST, SGST എന്നിവയും (4290+4290=8580) ഉൾപ്പെടെ 56250/-രൂപ നൽകിയാൽ മതിയാകുമായിരുന്നു. എന്നാൽ കരാറുകാരന് 75000/- രൂപ നൽകി. അധികം നൽകിയ 18750/- രൂപ തിരികെ ഈടാക്കേണ്ടതും ബേബി ബെഡിന്റെ എണ്ണത്തിൽ കുറവു വന്ന സാഹചര്യം വിശദീകരിക്കേണ്ടതുമാണ് എന്ന് ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിരുന്നു (no:11/16-11-2020). കരാറുകാരന് അധികം നൽകിയ തുക 18750/-രൂപ ഐ.സി.ഡി.എസ് സൂപ്പർവൈസർ 17/11/2020 തീയതിയിലെ 9846606 നമ്പർ രസീത് പ്രകാരം ഗ്രാമപഞ്ചായത്തിൽ തിരിച്ചടച്ചു. തുക തിരികെ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-27 പട്ടികജാതി വിദ്യാർത്ഥികൾക്ക് മെരിറ്റോറിയസ് സ്കോളർഷിപ്പ് - അധിക തുക നൽകിയത് നിരാകരിക്കുന്നു

2018-19 വർഷം ഹെഡ്മിസ്ട്രസ് നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ "മെരിറ്റോറിയസ് സ്കോളർഷിപ്പ്

(എസ്.സി.)"എന്ന പ്രോജക്ട് നടപ്പാക്കിയതിൽ സബ്സിഡി മാർഗ്ഗരേഖയിൽ അനുശാസിക്കും പ്രകാരമുള്ള തുകയിലധികരിച്ച് സ്കോളർഷിപ്പ് നൽകിയത് മൂലം അധികചെലവുണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

പ്രോജക്ട് നം. 51/19

അടങ്കൽ- 150000 (വികസനഫണ്ട് -എസ്.സി.പി.)

ചെലവ്- 150000 (ബിൽ നം. 04/18-19/05.02.19)

എസ്.സി. വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകുന്നതിനായിട്ടുള്ളതാണ് പ്രോജക്ട്. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.5 പ്രകാരം (സ.ഉ.(എം.എസ്) നം. 22/2018/ത.സ്വ.ഭ.വ. തീയതി:14.02.2018) എഞ്ചിനീയറിംഗ് കോഴ്സിന് 25000/- രൂപയും ബിരുദത്തിന് 20000/- രൂപയും സ്കോളർഷിപ്പ് നൽകാവുന്നതാണ്. എന്നാൽ ഇതിന് വിരുദ്ധമായി താഴെ പറയുന്ന ബിരുദ വിദ്യാർത്ഥികൾക്ക് 25000/- രൂപ വീതം അക്കൌണ്ടുകളിലേയ്ക്ക് ഓൺലൈൻ ട്രാൻസ്ഫർ മുഖേന നൽകിയിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കോഴ്സ് |
|---|---|---|
| 1 | പ്രജോഷ്മ പി.ജെ. | Bsc. Family & Community Science |
| 2 | അഞ്ജന എസ് | Bcom Finance & Taxation |
| 3 | അനുപമ ബി. | BPT |
| 4 | ചാന്ദ്നി സുരേഷ് | Bcom |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് (21/17.11.20), അധിക തുക ലഭിച്ച ഗുണഭോക്താക്കളിൽ നിന്നും ആയത് തിരികെ ഈടാക്കാമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. അധികം നൽകിയ 20,000/- (4x 5000) രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-28 അംഗീകൃത ടെണ്ടർ നിരക്കിലധികരിച്ച് വാങ്ങൽ നടത്തിയത് മൂലം അധികച്ചെലവ്

ഹെഡ്മിസ്ട്രസ്, ഗവ. യു.പി.എസ്. നിർവ്വഹണ ഉദ്യോഗസ്ഥയായി 2018-19 വർഷം നടപ്പിലാക്കിയ എൽ.പി./യു.പി. സ്കൂൾ ഹൈടെക് ആക്കൽ എന്ന പ്രോജക്ട് പ്രകാരം ഉപകരണ/സാമഗ്രികൾ വാങ്ങിയതിൽ അംഗീകരിച്ച ടെണ്ടർ നിരക്കിലധികരിച്ച് വാങ്ങിയത് മൂലം അധികച്ചെലവുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. 40/19

അടങ്കൽ:400000/- (മെയിന്റനൻസ് ഫണ്ട്- റോഡിതരം)

ചെലവ്: 399600/-( ബിൽ നം. 07/18-19/26.03.19)

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ ഗവ. എൽപി.എസ്, കാവാലം, ഗവ. യുപി.എസ്. കാവാലം എന്നിവയ്ക്ക് ലാപ്ടോപ്പുകളും പ്രോജക്ടറുകളും കസേരകളും റാക്കുകളും മറ്റും നൽകി ഹൈടെക് സ്കൂൾ ആക്കുന്നതാണ് പ്രോജക്ട് ലക്ഷ്യം. 05.01.2019 -ലെ ടെണ്ടർ പരസ്യം പ്രകാരം ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കെ.എം. ടെക്നോളജീസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് ഉപകരണ/സാമഗ്രികളുടെ വിലയായി 399600/-രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ടെണ്ടർ ഷെഡ്യൂളിനൊപ്പം കെ.എം. ടെക്നോളജീസ് എന്ന സ്ഥാപനം സമർപ്പിച്ച നികുതിയടക്കമുള്ള നിരക്കിനനുസൃത മായിട്ടല്ല സ്ഥാപനത്തിന് തുക നൽകിയതെന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ക്വാട്ട് ചെയ്ത നിരക്ക് | വാങ്ങിയ നിരക്ക് | എണ്ണം | അനുവദനീയമായ തുക | നൽകിയ തുക | അധികം |
|---|---|---|---|---|---|---|---|
| | | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | (per item) | (per item) | | | | |
| 1 | Slotted angle racks with 5 shelves | 1300 | 2000 | 4 | 5200 | 8000 | 2800 |
| 2 | Writing Chair Iron frame with net PP Black as seat | 1750 | 3500 | 30 | 52500 | 105000 | 52500 |
| 3 | Laptop Corei3 processor, 4GB RAM, 1 TBHDD, DVD, Monitor HP/Dell | 29000 | 35000 | 2 | 58000 | 70000 | 12000 |
| 4 | Projector 3000 L Lumens | 45000 | 41500 | 2 | 90000 | 83000 | -7000 |
| 5 | Air Conditioner 1 ton, 5 star rating | 30000 | 32000 | 2 | 60000 | 64000 | 4000 |
| 6 | Interactive Smart Board Raptor | 23000 | 30000 | 2 | 46000 | 60000 | 14000 |
| 7 | Speaker 2.1 Channel | 1700 | 2000 | 2 | 3400 | 4000 | 600 |
| 8 | Green Board | 2400 | 2800 | 2 | 4800 | 5600 | 800 |
| | Mounting cost | 6900 | | | 6900 | 0 | -6900 |
| | | 141050 | 148800 | | 326800 | 399600 | 72800 |

ടെണ്ടർ ഷെഡ്യൂളിനോപ്പം സ്ഥാപനം സമർപ്പിച്ച നിരക്കിലധികരിച്ച് തുക നൽകിയത് മൂലം ഇപ്രകാരം 72,800/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. അപാകതയിന്മേൽ വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് (21/17.11.2020) നികുതി അടവാക്കുന്നതാണെന്നും ടെണ്ടറിൽ പറഞ്ഞിരിക്കുന്ന ഉപകരണങ്ങളുടെ വിലയിലും ഗുണനിലവാരത്തിലും മെച്ചപ്പെട്ട ഉപകരണങ്ങളാണ് വാങ്ങിയതെന്നും ആയതിനാലാണ് അധികചെലവുണ്ടായതെന്നും പ്രോജക്ട് നിർവ്വഹണജോലികൾ ചെയ്യുന്നതിലെ പരിചയക്കുറവ് മൂലമാണ് ഇത് സംഭവിച്ചതെന്നും നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകുകയുണ്ടായി. ക്രമ നം.(2) പ്രകാരം ടെണ്ടർ സ്പെസിഫിക്കേഷനിൽ കൊടുത്തിട്ടുള്ള "Writing Chair Iron frame with net PP Black as seat"വാങ്ങുന്നതിന് പകരം "Full pad Chair"ആണ് വാങ്ങിയിട്ടുള്ളത്. (Inv. No.KMR-4772/15.03.19). ഇപ്രകാരം Full pad Chair വാങ്ങിയതിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ടി വാങ്ങലിനായി ചെലവഴിച്ച 52500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തടസ്സപ്പെടുത്തുന്ന തുക കിഴിച്ചുള്ള 20300/-രൂപ (72800-52500) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

a)കരാറടിസ്ഥാനത്തിൽ നടത്തിയ 2.50 ലക്ഷത്തിന് മേൽ മൂല്യമുള്ള പർച്ചേസിന് ജി.എസ്.റ്റി. 2% നിരക്കിൽ റ്റി.ഡി.എസ് കിഴിക്കാതെ കരാറുകാരന് ബിൽ തുക നൽകി.

സെന്റർ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് & കസ്റ്റംസ് (CBIC)-ന്റെ നോട്ടിഫിക്കേഷൻ പ്രകാരം (50/2018 Central Tax dt:13.09.2018) 01.10.2018 മുതൽ 2,50,000/- ന മേലുള്ള പർച്ചേസുകൾക്ക് (ടാക്സ് കംപോണന്റ് ഉൾപ്പെടാതെ 2.5 ലക്ഷത്തിന് മേൽ) ഉറവിടത്തിൽ നിന്നു 2% ജി.എസ്.റ്റി TDS ആയി കിഴിവ് ചെയ്യണമെന്നിരിക്കേ ഇപ്രകാരം ചെയ്തിട്ടില്ല.

കെ.എം. ടെക്നോളജീസ് എന്ന സ്ഥാപനത്തിൽ നിന്നും എൽ.പി./യു.പി. സ്കൂൾ ഹൈടെക് ആക്കൽ എന്ന പ്രോജക്ട് പ്രകാരം ഉപകരണ/സാമഗ്രികൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് 29.01.2019-ൽ സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. സ്ഥാപനം സമർപ്പിച്ച ബില്ലുകൾ പ്രകാരം 399600/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (113000+147000+139600).

(1) ഇൻവോയ്സ് നം./തീയതി - KMR4772/15.03.19

ബിൽ തുക- 95763/-

ജി.എസ്.റ്റി.-17237/-

ആകെ ബിൽ തുക - 1,13,000/-

(2) ഇൻവോയ്സ് നം./തീയതി - KMR4577/28.02.19

ബിൽ തുക- 114844/-

ജി.എസ്.റ്റി.-32156/-

ആകെ ബിൽ തുക - 1,47,000/-

(3) ഇൻവോയ്സ് നം./തീയതി - KMR4578/28.02.19

ബിൽ തുക- 118305/-

ജി.എസ്.റ്റി.-21295/-

ആകെ ബിൽ തുക- 1,39,600/-

ക്രമ നം. (1),(2)&(3) പ്രകാരമുള്ള ടാക്സ് കംപോണന്റ് ഒഴികെയുള്ള തുക- 328912/- രൂപ

റ്റി.ഡി.എസ്. 2% - 6578/-രൂപ ( CGST-3289 &SGST-3289) .

ജി.എസ്.റ്റി. റ്റി.ഡി.എസ് തുക ഈടാക്കി ഒടുക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-29 തുടർവിദ്യാഭ്യാസം-- പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ

ഹെഡ്മിസ്ട്രസ്, ഗവ. യു.പി.എസ്. നിർവ്വഹണ ഉദ്യോഗസ്ഥയായി 2018-19 വർഷം "തുടർ വിദ്യാഭ്യാസം" എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

1)പ്രോജക്ട് നം. 28/19(തുടർ വിദ്യാഭ്യാസം)

അടങ്കൽ: 100000/- (വി.ഫ- സാധാ)

ചെലവ്: 99600/-( (a)ബിൽ നം. 03/18-19/23.01.19- 74600/-

(b)ബിൽ നം. 06/18-19/26.03.19- 25000/-)

ഗ്രാമപഞ്ചായത്തിലെ പത്താംതര തുല്യത കോഴ്സ് രജിസ്റ്റർ ചെയ്ത 50 പഠിതാക്കൾക്ക് കോഴ്സ് ഫീ നൽകുന്നതിനായാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്.

1. ഹയർസെക്കന്ററി (+1) തുല്യതാ പരീക്ഷാ പദ്ധതിയ്ക്കായി 18 പഠിതാക്കൾക്കായി 45000/- രൂപയും (18 x 2500 രൂപ വീതം) പത്താം തര തുല്യതാ പരീക്ഷാ പദ്ധതിയ്ക്കായി 16 പഠിതാക്കൾക്കായി 29660/- രൂപയും (16 x 1850 രൂപ വീതം) ഉൾപ്പെടെ ആകെ 74600/- രൂപ ബിൽ നം. 03/18-19/23.01.19 പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

2. ഹയർസെക്കന്ററി (+1) തുല്യതാ പരീക്ഷാ പദ്ധതിയ്ക്കായി 7 പഠിതാക്കൾക്കായി 17500/- രൂപയും (7 x 2500 രൂപ വീതം) ഹയർസെക്കന്ററി (+2) തുല്യതാ തുല്യതാ പരീക്ഷാ പദ്ധതിയ്ക്കായി 3 പഠിതാക്കൾക്കായി 7500/- രൂപയും (3x2500 രൂപ വീതം) ഉൾപ്പെടെ ആകെ 25000/- രൂപ ബിൽ നം. 06/18-19/26.03.19 പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകത താഴെ കൊടുക്കുന്നു.

1) ഗുണഭോക്താക്കളുടെ അപേക്ഷകൾ, രജിസ്ട്രേഷൻ രേഖകൾ, അഡ്മിഷൻ ടിക്കറ്റുകൾ എന്നിവ ലഭ്യമല്ല.

2) തുക കൈപ്പറ്റിയതായ കേരള സാക്ഷരതാമിഷന്റെ കൈപ്പറ്റ് രസീത് ലഭ്യമല്ല.

സാക്ഷരതാ പ്രേരകിനോട് രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭിച്ചാലുടൻ ഹാജരാക്കുന്നതാണെന്നും 17.11.20-ലെ 21-ാം നമ്പർ ഓഡിറ്റന്വേഷണത്തിനുള്ള മറുപടിയിൽ ഹെഡ്മിസ്ട്രസ് അറിയിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കുന്നതു വരെ ചെലവ് തുക 99600/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 കണ്ടകത്തുശ്ശേരി 26-ൽ മുതൽ കരിക്കമഠം പാലം വരെ റോഡ് കോൺക്രീറ്റിംഗ്-ക്വാറിമക്ക് വിരിക്കലിന് അധിക നിരക്ക് നൽകി

2018-19 വർഷം നടപ്പിലാക്കിയ കണ്ടകത്തുശ്ശേരി 26-ൽ മുതൽ കരിക്കമഠം പാലം വരെ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിയുടെ (പ്രോജക്ട് നം. 83/19) എസ്റ്റിമേറ്റിലെ ഒന്നാം ഇനമായി "Filling up low lying and water logged areas with local material/quarry muck, spreading in layers, leveling the top at site and consolidation by ramming etc complete.” എന്ന പ്രവൃത്തിയും രണ്ടാം ഇനമായി " Cement concrete 1:2:4 (1 cement : 2 coarse sand : 4 graded stone aggregate 40 mm nominal size ) in pavements, laid to required slope and camber in panels as required including consolidation finishing and tamping complete ” എന്ന പ്രവൃത്തിയുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. തയാറാക്കിയ ഒബ്സർവ്ഡ് ഡേറ്റ പ്രകാരം "Filling up low lying and water logged areas with local material/quarry muck...” എന്ന ഇനത്തിന് 1472.62/$m^3$ എന്ന നിരക്കിലാണ് തുക അനുവദിച്ച് നൽകിയിട്ടുള്ളത്. എന്നാൽ ഈ ഇനത്തിന് അർഹമായ നിരക്ക് താഴെ കൊടുക്കുന്നു.

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | Soil gravel mixture/quarry waste | cum | 300.00000 | 935.00 | 280500.00 |
| L-12 | Mate | Day | 0.40000 | 407.00 | 162.80 |
| L-31 | Mazdoor (Skilled) | Day | 2.00000 | 407.00 | 814.00 |
| L-29 | Mazdoor (Unskilled) | Day | 8.00000 | 368.00 | 2944.00 |
| | TOTAL | | | | 284420.80 |
| | cost for 300.0 cum | | | | 284420.80 |
| | cost for one cum | | | | 948.07 |
| | say | | | | 948.07 |
| Add Overhead @ 10.0% 94.80 | | | | | |
| Add Contractors Profit @ 10.0% 104.28 | | | | | |
| SAY1147.16 | | | | | |
| Cost index 54.9 % | | | | 8.68 | |
| | | | | | |

| | |
|---|---|
| Total with Cost index | 1155.85 |
| Say | 1155.85 |
| | |

തൻവർഷം നടപ്പിലാക്കിയ മറ്റെല്ലാ റോഡ് പ്രവൃത്തികൾക്കും 1155.85/$m^3$ എന്ന മേൽ നിരക്കിലാണ് ക്വാറിമക്ക് വിരിക്കലിന് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ ഇതിന് വിരുദ്ധമായി "കണ്ടകത്തുശ്ശേരി 26-ൽ മുതൽ കരിക്കമം പാലം വരെ റോഡ് കോൺക്രീറ്റിംഗ് " എന്ന പ്രോജക്ട് പ്രകാരം 25.084 $M^3$ ക്വാറിമക്ക് വിരിക്കൽ പ്രവൃത്തിയ്ക്ക് അധിക നിരക്ക് ( 1472.62/$m^3$ ) അനുവദിച്ചിട്ടുണ്ട്.

അനുവദിച്ച തുക => 25.084 @1472.62/$m^3$ = 36939/-

അർഹമായ തുക=>25.084 @1155.85/$m^3$ = 28993/-

അധികം നൽകിയ തുക = 36939-28993 =7946/-

വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.13/16.11.2020) ന്യൂനത മനസിലാക്കി അധികമായി നൽകിയ തുക തിരിച്ചടക്കുന്നതിന് കരാറുകാരന് നോട്ടീസ് നൽകുന്നതാണെന്നറിയിച്ചിട്ടുണ്ട്. അധികം നൽകിയ 7946/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. കരാറുകാരനിൽ നിന്നും തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തുക ഈടാക്കി ഒടുക്കുവിവരം അറിയിക്കുന്നത് വരെ ആയത് നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിലനിർത്തുന്നു.

<u>പ്രോജക്ട് വിവരം</u>

അടങ്കൽ : 2,10,000/-(വി.ഫ.ധക.ഗ്രാന്റ്- 2,00,000;മെ.ഗ്രാന്റ് റോഡിതരം-10000/-)

ചെലവ് : 209834/-(ബിൽനം. 36/18/19/26.03.19- 2,00,000/-

ബിൽ നം. 37/18/19/26.03.19- 9834/- )

കരാറുകാരൻ : ശ്യാംകുമാർ വി.സി.

കരാർ നം. : 38/AE/LSGD/KVLM/18-19 തീ:14.01.2019

എം. ബുക്ക് നം. :30/18-19

പ്രവൃത്തി മൂല്യം: 209834/-

കരാറുകാരന് നൽകിയ തുക: 205638/- (IT,KCWWF തുകകൾ കിഴിച്ച് )

## 1-31 പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കിയില്ല

പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് 2012-ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2112-1 ലെ വ്യവസ്ഥകൾക്കനുസൃതമായി നിശ്ചിത ശതമാനം പിഴ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതുണ്ട്. ഏതെങ്കിലും കാരണവശാൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം, നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കു മുമ്പ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ള പക്ഷം സമയം ദീർഘിപ്പിക്കാവുന്നതാണ് (ഓരോ തവണയും കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാത്ത വിധം). ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി പൂർത്തീകരണ സമയം ദീർഘിപ്പിക്കാവുന്നതാണ്. ഇതിന് ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹1000/-, പരമാവധി ₹50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹2000/-, പരമാവധി ₹100000/-) പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്.

അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് ഓരോ ആഴ്ചയ്ക്കും PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) നഷ്ട പരിഹാരം ഈടാക്കേണ്ടതുമാണ് (Liquidated damage).

എന്നാൽ നിശ്ചിത കാലാവധിക്കു ശേഷം പൂർത്തീകരിച്ച താഴെ കൊടുത്തിരിക്കുന്ന പ്രവൃത്തിയിൽ ഇപ്രകാരം കരാറുകാരൻ സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കുകയോ പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്തതായി കാണുന്നില്ല.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|

| കരാർനം, കരാറുകാരൻ ,എം.ബുക്ക് നം, പി.എ.സി. | കരാർ കാലാവധി, കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി. | ഈടാക്കിയ പിഴ | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|
| 15/AE/17-18/LSGD/ dt: 13.12.2018<br>പി.ജെ. ആന്റണി., പട്ടത്താനം<br>27/18-19<br>3,50,000/-(വി.ഫ-SCP)<br>പ്രോജക്റ്റ് നം. 104/19<br>(അംബേദ്കർ കോളനി വാട്ടർടാങ്ക് ടവർ മെയിന്റനൻസ്-വാർഡ് 7)<br>പി.എ.സി.-3,28,000/-<br>ആകെ പ്രവൃത്തിമൂല്യം-230549/- രൂപ<br>CC 1st & Part Bill<br>പ്രവൃത്തി മൂല്യം-229095/-<br>10309/- രൂപ (നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>ബിൽനം.30/18-19/ 23.03.19<br>CC 2nd & Final Bill<br>പ്രവൃത്തി മൂല്യം- 1454/-<br>30/- രൂപ (നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>ബിൽനം.22/18-19/ 18.12.19 | 9 മാസം.<br>(13.09.2019) | 23.11.2019 | Nil | 3280/-<br>(1%) |

ടി അപാകതയിന്മേലുള്ള വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് (06/16.11.20) ന് ലഭ്യമാക്കിയ മറുപടിയിൽ 19.09.2019-ലെ 2(7)-ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരമാണ് ഫൈൻ ചുമത്താതിരുന്നത് എന്നാണ്

വ്യക്തമാക്കിയിട്ടുള്ളത്. കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല (മറുപടിയിൽ കോപ്പി സമർപ്പിക്കുന്നു എന്ന രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും). പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ ആയത് ക്രമപ്രകാരമല്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ പുതുക്കിയ എസ്റ്റിമേറ്റിന് 19.01.2019-ൽ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റിന് ടെണ്ടർ ക്ഷണിക്കുക എന്നത് പ്രവൃത്തി പകുതിയോളം പൂർത്തിയായ സ്ഥിതിയ്ക്ക്, നിലവിലുള്ള കരാറുകാരനുമായി നെഗോഷിയേറ്റ് ചെയ്ത് അംഗീകൃത നിരക്കിൽ തന്നെ വർക്ക് പൂർത്തീകരിച്ച് ബില്ല് മാറുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. (തീരുമാനം നം. 1(1) തീ. 19.01.19). ഇതിൽ നിന്നും പ്രസ്തുത തീരുമാന തീയതിയിൽ തന്നെ പ്രവൃത്തി പകുതി പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാണ്. കരാർ കാലാവധി ഒൻപതു മാസമായിരിക്കെ കരാർ കാലാവധിയ്ക്ക് ശേഷം 23.11.2019-ൽ പൂർത്തിയാക്കിയ പ്രവൃത്തിയിന്മേൽ ഫൈൻ ഒഴിവാക്കിയ നടപടി ക്രമപ്രകാരമല്ല. കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-32 ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നുള്ള ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

28/9/13-ലെ ജി.ഒ (എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 2018-19 സാമ്പത്തിക വർഷത്തെ രണ്ട് മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ് ഇ-ടെണ്ടർ സംവിധാനത്തിലൂടെയാണ് ഗ്രാമപഞ്ചായത്തിൽ നടപ്പിൽ വരുത്തിയിട്ടുള്ളത്. ടെണ്ടർ ഫീസിനത്തിലെ തുകയായ 8400/-രൂപ എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുണ്ടെന്ന് ഇത് സംബന്ധമായ ഓഡിറ്റന്വേഷണത്തിന്(നം.03/13.11.20) കാവാലം ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിങ് മറുപടി നൽകുകയുണ്ടായി. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/2010/ സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ ഗ്രാമപഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ബാങ്ക് അക്കൗണ്ട് (A/c No.37747185499) 11.06.2018-ൽ ആരംഭിച്ചിട്ടുണ്ടെങ്കിലും ടി സർക്കുലർ പ്രകാരമുള്ള തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ടെണ്ടർ ഫീസിനത്തിൽ ലഭിച്ച തുക നാളിതുവരെയായിട്ടും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. തുക തനതുഫണ്ടിൽ മുതൽക്കൂട്ടാനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-33 റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കാതെയുള്ള റോഡ് വികസന പ്രവർത്തനങ്ങൾ - വികസന സാധ്യത ഉറപ്പാക്കുന്നില്ല

പൊതു മരാമത്ത് പ്രവൃത്തികൾ പരിശോധിച്ചതിൽ ധാരാളം റോഡ് പ്രവൃത്തികൾ ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. ഇപ്രകാരം റോഡ് പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 04.02.2011 ലെ സ.ഉ (എം.എസ്) 31/2011/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലും സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി ആദ്യവാർഷിക പദ്ധതി (2017-18) മാർഗ്ഗരേഖ ജി.ഒ (എം.എസ്)നം.72/2017/ ത.സ്വ.ഭ.വ, 29.03.2017 ഖണ്ഡിക 12.10.1 പ്രകാരവും സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ തീയതി:29.01.2018 ഖണ്ഡിക 7.13(1) പ്രകാരവും ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും

തയാറാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശം ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്ററും, റോഡ് രജിസ്റ്ററും കൃത്യമായി പരിപാലിക്കുന്നതിലും ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു. ആയതിനാൽ പശ്ചാത്തലമേഖലയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾമൂലം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്ന് പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല.

### 1-34 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-മെറ്റീരിയൽ പ്രവൃത്തികളിൽ കരാറുകാർക്ക് നിയമാനുസൃത കുറവ് വരുത്താതെ തുക അനുവദിച്ചു

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ 2017-18-ലെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയ 21 മെറ്റീരിയൽ പ്രവൃത്തികൾക്ക് ആവശ്യമായ മെറ്റീരിയൽസ് വർക്ക് സൈറ്റിൽ സപ്ലൈ ചെയ്യുന്നതിന് 16.01.2018- ലെ I(I)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം ടെണ്ടറുകൾ അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 2018-19 വർഷം ആറു മെറ്റീരിയൽ പ്രവൃത്തികൾ നടപ്പിലാക്കിട്ടുണ്ട്. 2018-19 വർഷം ടെണ്ടർ ക്ഷണിച്ചതിൽ 3 മെറ്റീരിയൽ പ്രവൃത്തികൾക്ക് തുക നൽകിയിട്ടുണ്ട്. ആകെ 9 മെറ്റീരിയൽ പ്രവൃത്തികളാണ് തൻവർഷം നടപ്പാക്കിട്ടുള്ളത്.

1) CPWD സ്പെസിഫിക്കേഷൻ പ്രകാരമുള്ള കുറവ് അളവിൽ രേഖപ്പെടുത്താതെ തുക അനുവദിച്ചു

CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികളിൽ 40mm മെറ്റലിന്റെ സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും 7.5% വോയ്ഡസ് കുറവു ചെയ്ത് മാത്രമേ കരാറുകാരന് തുക നൽകേണ്ടതുള്ളു. സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും ക്വാറിമക്കിന് മിനിമം 7.5% ഉം കുറവു ചെയ്തതിനുശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. (CPWDSpecification : 1- 27-2-3) എന്നാൽ 2018-19-ൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ മെറ്റീരിയൽ പ്രവൃത്തികളിൽ ടി വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല. മേൽ പ്രവൃത്തികൾ നടപ്പാക്കിയതിൽ കരാറുകാർക്ക് നിയമാനുസൃത കുറവുകൾ വരുത്താതെ തുക അനുവദിച്ചത് മൂലം അധിക ചെലവ് സംഭവിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | കരാറുകാരൻ ലഭ്യമാക്കിയ മെറ്റീരിയലിന്റെ അളവ് (മേറ്റിന്റെ കൈപ്പറ്റ്/സ്റ്റാക്ക് ചെയ്ത അളവ് പ്രകാരം) $m^3$ | | അനുവദിച്ച അളവും തുകയും (മെറ്റീരിയൽ ലിസ്റ്റ്,എം. ബുക്ക് എന്നിവ പ്രകാരം) | | അനുവദനീയമായ അളവ്, തുക | | അധികം നൽകിയ തുക | |
|---|---|---|---|---|---|---|---|---|---|
| | | ക്വാറിമക്ക് ($m^3$) | 40 mm മെറ്റൽ ($m^3$) | ക്വാറിമക്ക് ($m^3$) | 40 mm മെറ്റൽ ($m^3$) | ക്വാറിമക്ക് ($m^3$) | 40 mm മെറ്റൽ ($m^3$) | ക്വാറിമക്ക് | 40 mm മെറ്റൽ |
| 1 | നിലവിലുള്ള റോഡുകൾക്ക് കോൺക്രീറ്റിംഗ്/ടൈൽസ് നിർമ്മാണം -എസ്.എൻ കവല മുതൽ വലിയതറ വരെ റോഡ് കോൺക്രീറ്റിംഗ്.<br>കരാറുകാരൻ-റ്റോജോ ദേവസ്യാ<br>എസ്റ്റിമേറ്റ് തുക 351508/-<br>പ്രവൃത്തി മൂല്യം- 327845/- എ.ബുക്ക് നം.- 46/18-19<br>KL1611012001_070219 FTO 508172 dt: 07.02.19- 276723/- രൂപ | 68.40 | 21.47 | 68.40@ 935/m3= 63954 | 21.27@ 1650/m3= 35096 | 63.27@ 935/m3= 59157 | 19.86@ 1650/m3= 32769 | 4797 | 2327 |
| 2 | നിലവിലുള്ള റോഡുകൾക്ക് കോൺക്രീറ്റിംഗ്/ടൈൽസ് നിർമ്മാണം -പി.ഡ.ബ്ല്യൂ റോഡ് മുതൽ വരവണ്ണൂർ വരെ<br>കരാറുകാരൻ-ജോമോൻ തോമസ്<br>എസ്റ്റിമേറ്റ് തുക 250184/-<br>പ്രവൃത്തി മൂല്യം- 195134/- എ.ബുക്ക് നം.- 42/18-19<br>KL1611012001_070219 FTO 508172<br>dt: 07.02.19- 160637/- രൂപ | 30.60 | 13.31 | 30.60@ 935/m3= 28611 | 13.26@ 1650/m3= 21879 | 28.31@ 935/m3= 26470 | 12.31@ 1650/m3= 20312 | 2141 | 1567 |
| 3 | നിലവിലുള്ള റോഡുകൾക്ക് കോൺക്രീറ്റിംഗ്/ടൈൽസ് | 108.75 | 28.54 | 108.75@ 935/m3= | 28.28@ | 100.59@ | 26.40@ | 7629 | 3094 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | നിർമ്മാണം -പയ്യംപള്ളി മുതൽ അമ്പിളി ഭവൻ വരെ റോഡ് കോൺക്രീറ്റിംഗ്.<br><br>കരാറുകാരൻ-ജോമോൻ തോമസ്<br><br>എസ്റ്റിമേറ്റ് തുക 479378/-<br><br>പ്രവൃത്തി മൂല്യം- 458532/- എ.ബുക്ക് നം.- 45/18-19<br><br>KL1611012001_070219 FTO 508172 dt: 07.02.19- 384144/- രൂപ | | | 101681 | 1650/m3<br><br>46654*<br><br>*<br>(കൊടുത്ത തുക) | 935/m3=<br><br>94052 | 1650/m3=<br><br>43560 | | |
| 4 | നിലവിലുള്ള റോഡുകൾക്ക് കോൺക്രീറ്റിംഗ്/ടൈൽസ് നിർമ്മാണം -സുരേന്ദ്രൻ സുമേഷ് ഭവൻ മുതൽ ഹരീഷ് ഭവൻ വരെ റോഡ് കോൺക്രീറ്റിംഗ്.<br><br>കരാറുകാരൻ-ജോമോൻ തോമസ്<br><br>എസ്റ്റിമേറ്റ് തുക 201279/-<br><br>പ്രവൃത്തി മൂല്യം- 173835/- എ.ബുക്ക് നം.- 191/18-19<br><br>KL1611012001_290319 FTO 627821<br><br>dt:29/03/2019 - 143932/- രൂപ | 45 | 12.39 | 45@<br>935/m3=<br>42075 | 11.70@<br><br>1650/m3=<br><br>19305 | 41.63@<br><br>935/m3=<br><br>38924 | 11.46@<br><br>1650/m3=<br><br>18909 | 3151 | 396 |
| 5 | നിലവിലുള്ള റോഡുകൾക്ക് കോൺക്രീറ്റിംഗ്/ടൈൽസ് നിർമ്മാണം -കെ.സി.സാബു കരിയ്ക്കമഠം മുതൽ തോട്ടായി വരെ റോഡ് കോൺക്രീറ്റിംഗ്.<br><br>കരാറുകാരൻ-ദേവസ്യാ സെബാസ്റ്റ്യൻ<br><br>എസ്റ്റിമേറ്റ് തുക 495530/-<br><br>പ്രവൃത്തി മൂല്യം- 470228/- എ.ബുക്ക് നം.- 102/18-19<br><br>KL1611012001_280319 FTO 623865 dt:28.03.19 - 393050/- രൂപ | 95*<br><br>*<br>(കരാറുകാരന്റെ ഇൻവോയ്സ് പ്രകാരം) | 31*<br><br>*<br>(കരാറുകാരന്റെ ഇൻവോയ്സ് പ്രകാരം) | 94.64@<br>935/m3=<br><br>88488 | 30.758@<br><br>1650/m3=<br><br>50571 | 87.88@<br><br>935/m3=<br><br>82168 | 28.68@<br><br>1650/m3=<br><br>47322 | 6320 | 3249 |
| 6 | നിലവിലുള്ള റോഡുകൾക്ക് കോൺക്രീറ്റിംഗ്/ടൈൽസ് നിർമ്മാണം -തോട്ടിപ്പറമ്പ് മുതൽ ഒരു പറ വരെ റോഡ് കോൺക്രീറ്റിംഗ്. | 76.875 | 33.50 | 76.875@<br>935/m3=<br><br>71878 | 33.31@<br><br>1650/m3=<br><br>54962 | 71.11@<br><br>935/m3=<br><br>66488 | 30.99@<br><br>1650/m3=<br><br>51134 | 5390 | 3828 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | കരാറുകാരൻ-ദേവസ്യാ സെബാസ്റ്റ്യൻ<br><br>എസ്റ്റിമേറ്റ് തുക 488950/-<br><br>പ്രവൃത്തി മൂല്യം- 481751/- എ.ബുക്ക് നം.- 41/18-19<br><br>KL1611012001_070219 FTO 508172<br><br>dt: 07.02.19- 401634/- രൂപ | | | | | | | | |
| 7 | നിലവിലുള്ള റോഡുകൾക്ക് കോൺക്രീറ്റിംഗ്/ടൈൽസ് നിർമ്മാണം -പുളിമൂട് മുതൽ തോട്ടിപ്പറമ്പ് വരെ റോഡ് കോൺക്രീറ്റിംഗ്.<br><br>കരാറുകാരൻ-ദേവസ്യാ സെബാസ്റ്റ്യൻ<br><br>എസ്റ്റിമേറ്റ് തുക 501423/-<br><br>പ്രവൃത്തി മൂല്യം- 484251/- എ.ബുക്ക് നം.- 40/18-19<br><br>KL1611012001_070219 FTO 508172 dt: 07.02.19- 404135/- രൂപ | 76.875 | 33.45 | 76.875@ 935/m3= 71878 | 33.31@ 1650/m3= 54962 | 71.11@ 935/m3= 66488 | 30.94@ 1650/m3= 51051 | 5390 | 3911 |
| 8 | നിലവിലുള്ള റോഡുകൾക്ക് കോൺക്രീറ്റിംഗ്/ടൈൽസ് നിർമ്മാണം -മാത്തുണ്ണി ജം. മുതൽ പുതുപ്പറമ്പ് വരെ റോഡ് കോൺക്രീറ്റിംഗ്.<br><br>കരാറുകാരൻ-ദേവസ്യാ സെബാസ്റ്റ്യൻ<br><br>എസ്റ്റിമേറ്റ് തുക 612324/-<br><br>പ്രവൃത്തി മൂല്യം- 580608/- എ.ബുക്ക് നം.- 104/18-19<br><br>KL1611012001_070219 FTO 508172 dt: 07.02.19- 488493/- രൂപ | 117.64 | 38.30 | 117.04@ 935/m3= 109432 | 38.038@ 1650/m3= 62763 | 108.82@ 935/m3= 101747 | 35.43@ 1650/m3= 58460 | 7685 | 4303 |
| 9 | നിലവിലുള്ള റോഡുകൾക്ക് കോൺക്രീറ്റിംഗ്/ടൈൽസ് നിർമ്മാണം -എസ്.എൻ കവല മുതൽ വലിയതറ വരെ റോഡ് കോൺക്രീറ്റിംഗ്.<br><br>കരാറുകാരൻ-ശ്യാംകുമാർ വി.സി.<br><br>എസ്റ്റിമേറ്റ് തുക 543934/-<br><br>പ്രവൃത്തി മൂല്യം- 514604/- എ.ബുക്ക് നം.- 161/18-19 | 104 | 34.047 | 104@ 935/m3= 97240 | 33.8@ 1650/m3= 55770 | 96.2@ 935/m3= 89947 | 31.49@ 1650/m3= 51960 | 7293 | 3810 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | KL1611012001_310319 FTO 634398 dt:31.03.19<br><br>432926/- രൂപ | | | | | | | | |
| | | | | | | | ആകെ | 49796 | 26485 |
| | ആകെ മൊത്തം | 76281/- | | | | | | | |

നിയമാനുസൃത കുറവ് വരുത്താതിരുന്നത് മൂലം മെറ്റീരിയൽ ഇനത്തിൽ മേൽപ്പട്ടിക പ്രകാരം 76281/- രൂപ കരാറുകാർക്ക് അധികം തുക നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് കരാറുകാരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

2)<u>ജി.എസ്.റ്റി. 2% റ്റി.ഡി.എസ് ആയി കുറവ് ചെയ്തില്ല</u>

തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക ജി.എസ്.റ്റി. ഉൾപ്പെടാതെ 2.50 ലക്ഷം രൂപയിൽ കൂടുതലാണെങ്കിൽ ടി തുകയുടെ 2% തുക (1% CGST & 1% SGST ) സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്യേണ്ടതാണ്. (സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് & കസ്റ്റംസ് (CBIC)-ന്റെ നോട്ടിഫിക്കേഷൻ പ്രകാരം(50/2018 Central Tax dt:13.09.2018)). എന്നാൽ 2018-19 വർഷം നടപ്പാക്കിയ മെറ്റീരിയൽ സപ്ലൈ പ്രവൃത്തികളിൽ നിന്ന് അപ്രകാരം ജി.എസ്.റ്റി – റ്റി.ഡി.എസ് കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | റ്റി.ഡി.എസ് ആയി ഈടാക്കേണ്ടിയിരുന്ന ജി.എസ്.റ്റി (2%) |
|---|---|---|
| 1 | നിലവിലുള്ള റോഡുകൾക്ക് കോൺക്രീറ്റിംഗ്/ടൈൽസ് നിർമ്മാണം -പയ്യംപള്ളി മുതൽ അമ്പിളി ഭവൻ വരെ റോഡ് കോൺക്രീറ്റിംഗ്.<br><br>കരാറുകാരൻ-ജോമോൻ തോമസ്<br><br>എസ്റ്റിമേറ്റ് തുക 479378/-<br><br>പ്രവൃത്തി മൂല്യം- 458532/- എ.ബുക്ക് നം.- 45/18-19<br><br>KL1611012001_070219 FTO 508172 dt: 07.02.19മെറ്റീരിയൽ ഇനത്തിൽ കരാറുകാരന് നൽകിയ തുക - 373194/- രൂപ<br><br>ടാക്സ് കംപോണന്റ് ഒഴികെയുള്ള മെറ്റീരിയൽ തുക- 326480/- | 6530/- |
| 2 | നിലവിലുള്ള റോഡുകൾക്ക് കോൺക്രീറ്റിംഗ്/ടൈൽസ് നിർമ്മാണം -കെ.സി.സാബു കുരിശ്ശുമഠം മുതൽ തോട്ടായി വരെ റോഡ് കോൺക്രീറ്റിംഗ്.<br><br>കരാറുകാരൻ-ദേവസ്യാ സെബാസ്റ്റ്യൻ<br><br>എസ്റ്റിമേറ്റ് തുക 495530/- പ്രവൃത്തി മൂല്യം- 470228/- എ.ബുക്ക് നം.- 102/18-19<br><br>KL1611012001_280319 FTO 623865 dt:28.03.19 മെറ്റീരിയൽ ഇനത്തിൽ കരാറുകാരന് നൽകിയ തുക- 393050/- രൂപ<br><br>ടാക്സ് കംപോണന്റ് ഒഴികെയുള്ള മെറ്റീരിയൽ തുക- 334025/- | 6681/- |
| 3 | നിലവിലുള്ള റോഡുകൾക്ക് കോൺക്രീറ്റിംഗ്/ടൈൽസ് നിർമ്മാണം -തോട്ടിപ്പറമ്പ് മുതൽ ഒരു പറ വരെ റോഡ് കോൺക്രീറ്റിംഗ്. | 6781/- |

| | | |
|---|---|---|
| | കരാറുകാരൻ-ദേവസ്യാ സെബാസ്റ്റ്യൻ<br>എസ്റ്റിമേറ്റ് തുക 488950/-<br>പ്രവൃത്തി മൂല്യം- 481751/- എ.ബുക്ക് നം.- 41/18-19<br>KL1611012001_070219 FTO 508172<br>dt: 07.02.19 മെറ്റീരിയൽ ഇനത്തിൽ കരാറുകാരന് നൽകിയ തുക- 401634/- രൂപ ടാക്സ് കംപോണന്റ് ഒഴികെയുള്ള മെറ്റീരിയൽ തുക- 339056/- | |
| 4 | നിലവിലുള്ള റോഡുകൾക്ക് കോൺക്രീറ്റിംഗ്/ടൈൽസ് നിർമ്മാണം -പുളിമൂട് മുതൽ തോട്ടിപ്പറമ്പ് വരെ റോഡ് കോൺക്രീറ്റിംഗ്.<br>കരാറുകാരൻ-ദേവസ്യാ സെബാസ്റ്റ്യൻ<br>എസ്റ്റിമേറ്റ് തുക 501423/-<br>പ്രവൃത്തി മൂല്യം- 484251/- എ.ബുക്ക് നം.- 40/18-19<br>KL1611012001_070219 FTO 508172 dt: 07.02.19 മെറ്റീരിയൽ ഇനത്തിൽ കരാറുകാരന് നൽകിയ തുക- 404135/- രൂപ<br>ടാക്സ് കംപോണന്റ് ഒഴികെയുള്ള മെറ്റീരിയൽ തുക-339056 /- | 6781/- |
| 5 | നിലവിലുള്ള റോഡുകൾക്ക് കോൺക്രീറ്റിംഗ്/ടൈൽസ് നിർമ്മാണം -മാത്തുണ്ണി ജം. മുതൽ പുതുപ്പറമ്പ് വരെ റോഡ് കോൺക്രീറ്റിംഗ്.<br>കരാറുകാരൻ-ദേവസ്യാ സെബാസ്റ്റ്യൻ<br>എസ്റ്റിമേറ്റ് തുക 612324/-<br>പ്രവൃത്തി മൂല്യം- 580608/- എ.ബുക്ക് നം.- 104/18-19<br>KL1611012001_070219 FTO 508172 dt: 07.02.19 മെറ്റീരിയൽ ഇനത്തിൽ കരാറുകാരന് നൽകിയ തുക- 488493/- രൂപ<br>ടാക്സ് കംപോണന്റ് ഒഴികെയുള്ള മെറ്റീരിയൽ തുക-413161/- | 8263/- |
| 6 | നിലവിലുള്ള റോഡുകൾക്ക് കോൺക്രീറ്റിംഗ്/ടൈൽസ് നിർമ്മാണം -എസ്.എൻ കവല മുതൽ വലിയതറ വരെ റോഡ് കോൺക്രീറ്റിംഗ്.<br>കരാറുകാരൻ-ശ്യാംകുമാർ വി.സി.<br>എസ്റ്റിമേറ്റ് തുക 543934/-<br>പ്രവൃത്തി മൂല്യം- 514604/- എ.ബുക്ക് നം.- 161/18-19<br>KL1611012001_310319 FTO 634398 dt:31.03.19 മെറ്റീരിയൽ ഇനത്തിൽ കരാറുകാരന് നൽകിയ തുക-432926/- രൂപ<br>ടാക്സ് കംപോണന്റ് ഒഴികെയുള്ള മെറ്റീരിയൽ തുക-367779 /- | 7356/- |
| | ആകെ | 42392/- |

മേൽ കാര്യങ്ങളിന്മേൽ ആവശ്യമായ വിശദീകരണം ലഭ്യമാക്കുവാൻ ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് സ്റ്റാക്ക് മെഷർമെന്റിൽ കുറവ് ചെയ്യുന്നത് സംബന്ധിച്ച് അറിവില്ലായിരുന്നെന്നും 2019-20 മുതൽ വോയ്ഡ്സ് കുറവ്

ചെയ്ത മാത്രം കരാറുകാർക്ക് തുക നൽകുന്നതാണന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ 2.5 ലക്ഷം രൂപയിൽ കൂടുതൽ തുകയ്ക്ക് മെറ്റീരിയൽ സപ്ലൈ ചെയ്യുന്ന കരാറുകാരിൽ നിന്നും ജി.എസ്.റ്റി. 2% റ്റി.ഡി.എസ് ആയി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി. 30.07.2019-ലെ 957/ഇ.ജി.എസ്.-സി/16/ ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ പ്രകാരം ജി.എസ്.റ്റി. റ്റി.ഡി.എസ് ആയി ഈടാക്കേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. സർക്കാരിന് ടാക്സ് ഇനത്തിൽ സംഭവിച്ച നഷ്ടം 42392/- (SGST-21196/-; CGST- 21196/-) കരാറുകാരിൽ നിന്നും ഈടാക്കാനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് മെരിറ്റോറിയസ് സ്കോളർഷിപ്പ് - അധിക തുക നൽകിയത് നിരാകരിക്കുന്നു

2018-19 വർഷം ഹെഡ്മിസ്ട്രസ് നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ "മെരിറ്റോറിയസ് സ്കോളർഷിപ്പ് (എസ്.സി.)"എന്ന പ്രോജക്ട് നടപ്പാക്കിയതിൽ സബ്സിഡി മാർഗ്ഗരേഖയിൽ അനുശാസിക്കും പ്രകാരമുള്ള തുകയിലധികരിച്ച് സ്കോളർഷിപ്പ് നൽകിയത് മൂലം അധികചെലവുണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

പ്രോജക്ട് നം. 51/19

അടങ്കൽ- 150000(വി.ഫ. -എസ്.സി.പി.)

ചെലവ്- 150000(ബിൽ നം. 04/18-19/05.02.19)

എസ്.സി. വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകുന്നതിനായിട്ടുള്ളതാണ് പ്രോജക്ട്. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.5 പ്രകാരം(സ.ഉ.(എം.എസ്) നം. 22/2018/ത.സ്വ.ഭ.വ. തീയതി:14.02.2018) എഞ്ചിനീയറിംഗ് കോഴ്സിന് 25000/- രൂപയും ബിരുദത്തിന് 20000/- രൂപയും സ്കോളർഷിപ്പ് നൽകാവുന്നതാണ്. എന്നാൽ ഇതിന് വിരുദ്ധമായി താഴെ പറയുന്ന ബിരുദ വിദ്യാർത്ഥികൾക്ക് 25000/- രൂപ വീതം അക്കൌണ്ടുകളിലേയ്ക്ക് ഓൺലൈൻ ട്രാൻസ്ഫർ മുഖേന നൽകിയിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കോഴ്സ് |
|---|---|---|
| 1 | പ്രജോഷ്മ. പി.ജെ. | Bsc. Family & Community Science |
| 2 | അഞ്ജന. എസ് | Bcom Finance & Taxation |
| 3 | അനുപമ. ബി. | BPT |
| 4 | ചാന്ദ്നി സുരേഷ് | Bcom |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് (21/17.11.20),അധിക തുക ലഭിച്ച ഗുണഭോക്താക്കളിൽ നിന്നും ആയത് തിരികെ ഈടാക്കാമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. അധികം നൽകിയ 20,000/- (4 x 5000) രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 അംഗീകൃത ടെണ്ടർ നിരക്കിലധികരിച്ച് വാങ്ങൽ നടത്തിയത് മൂലം അധികച്ചെലവ്

ഹെഡ്മിസ്ട്രസ്, ഗവ. യു.പി.എസ്. നിർവ്വഹണ ഉദ്യോഗസ്ഥയായി 2018-19 വർഷം നടപ്പിലാക്കിയ എൽ.പി./യു.പി. സ്കൂൾ ഹൈടെക് ആക്കൽ എന്ന പ്രോജക്ട് പ്രകാരം ഉപകരണ/സാമഗ്രികൾ വാങ്ങിയതിൽ അംഗീകരിച്ച ടെണ്ടർ നിരക്കിലധികരിച്ച് വാങ്ങിയത് മൂലം അധികച്ചെലവുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. 40/19

അടങ്കൽ:400000/- (മെയിന്റനൻസ് ഫണ്ട്- റോഡിതരം)

ചെലവ്: 399600/-( ബിൽ നം. 07/18-19/26.03.19)

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ ഗവ. എൽപി.എസ്, കാവാലം, ഗവ. യുപി.എസ്. കാവാലം എന്നിവയ്ക്ക് ലാപ്ടോപ്പുകളും പ്രോജക്ടറുകളും കസേരകളും റാക്കുകളും മറ്റും നൽകി ഹൈടെക് സ്കൂൾ ആക്കുന്നതാണ് പ്രോജക്ട് ലക്ഷ്യം. 05.01.2019 – ലെ ടെണ്ടർ പരസ്യം പ്രകാരം ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കെ.എം. ടെക്നോളജീസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് ഉപകരണ/സാമഗ്രികളുടെ വിലയായി 399600/-രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ടെണ്ടർ ഷെഡ്യൂളിനൊപ്പം കെ.എം. ടെക്നോളജീസ് എന്ന സ്ഥാപനം സമർപ്പിച്ച നികുതിയടക്കമുള്ള നിരക്കിനനുസൃതമായിട്ടല്ല സ്ഥാപനത്തിന് തുക നൽകിയതെന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ക്വാട്ട് ചെയ്ത നിരക്ക് (per item) | വാങ്ങിയ നിരക്ക് (per item) | എണ്ണം | അനുവദനീയമായ തുക | നൽകിയ തുക | അധികം |
|---|---|---|---|---|---|---|---|
| 1 | Slotted angle racks with 5 shelves | 1300 | 2000 | 4 | 5200 | 8000 | 2800 |
| 2 | Writing Chair Iron frame with net PP Black as seat | 1750 | 3500 | 30 | 52500 | 105000 | 52500 |
| 3 | Laptop Corei3 processor, 4GB RAM, 1 TBHDD, DVD, Monitor HP/Dell | 29000 | 35000 | 2 | 58000 | 70000 | 12000 |
| 4 | Projector 3000 L Lumens | 45000 | 41500 | 2 | 90000 | 83000 | -7000 |
| 5 | Air Conditioner 1 ton, 5 star rating | 30000 | 32000 | 2 | 60000 | 64000 | 4000 |
| 6 | Interactive Smart Board Raptor | 23000 | 30000 | 2 | 46000 | 60000 | 14000 |
| 7 | Speaker 2.1 Channel | 1700 | 2000 | 2 | 3400 | 4000 | 600 |
| 8 | Green Board | 2400 | 2800 | 2 | 4800 | 5600 | 800 |
| | Mounting cost | 6900 | | | 6900 | 0 | -6900 |
| | | 141050 | 148800 | | 326800 | 399600 | 72800 |

ടെണ്ടർ ഷെഡ്യൂളിനോപ്പം സ്ഥാപനം സമർപ്പിച്ച നിരക്കിലധികരിച്ച് തുക നൽകിയത് മൂലം ഇപ്രകാരം 72,800/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. അപാകതയിന്മേൽ വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് (21/17.11.2020) നികുതി അടവാക്കുന്നതാണെന്നും ടെണ്ടറിൽ പറഞ്ഞിരിക്കുന്ന ഉപകരണങ്ങളുടെ വിലയിലും ഗുണനിലവാരത്തിലും മെച്ചപ്പെട്ട ഉപകരണങ്ങളാണ് വാങ്ങിയതെന്നും

ആയതിനാലാണ് അധികചെലവുണ്ടായതെന്നുംപ്രോജക്ട് നിർവ്വഹണജോലികൾ ചെയ്യുന്നതിലെ പരിചയക്കുറവ് മൂലമാണ് ഇത് സംഭവിച്ചതെന്നും നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകുകയുണ്ടായി. ക്രമ നം.(2) പ്രകാരംടെണ്ടർ സ്പെസിഫിക്കേഷനിൽ കൊടുത്തിട്ടുള്ള "Writing Chair Iron frame with net PP Black as seat"വാങ്ങുന്നതിന് പകരം "Full pad Chair"ആണ് വാങ്ങിയിട്ടുള്ളത്. (Inv No.KMR-4772/15.03.19). ഇപ്രകാരം Full pad Chair വാങ്ങിയതിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ടി വാങ്ങലിനായി ചെലവഴിച്ച 52500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.തടസ്സപ്പെടുത്തുന്ന തുക കിഴിച്ചുള്ള20300/-രൂപ (72800-52500) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

a)<u>കരാറടിസ്ഥാനത്തിൽ നടത്തിയ 2.50 ലക്ഷത്തിന് മേൽ മൂല്യമുള്ള പർച്ചേസിന് ജി.എസ്.റ്റി. 2% നിരക്കിൽ റ്റി.ഡി.എസ് കിഴിക്കാതെ കരാറുകാരന് ബിൽ തുക നൽകി</u>

സെന്റർ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് & കസ്റ്റംസ് (CBIC)-ന്റെ നോട്ടിഫിക്കേഷൻ പ്രകാരം(50/2018 Central Tax dt:13.09.2018) 01.10.2018 മുതൽ 2,50,000/- ന് മേലുള്ള പർച്ചേസുകൾക്ക് (ടാക്സ് കംപോണന്റ് ഉൾപ്പെടാതെ 2.5 ലക്ഷത്തിന് മേൽ) ഉറവിടത്തിൽ നിന്നു 2% ജി.എസ്.റ്റി TDS ആയി കിഴിവ് ചെയ്യണമെന്നിരിക്കേ ഇപ്രകാരം ചെയ്തിട്ടില്ല.

കെ.എം. ടെക്നോളജീസ് എന്ന സ്ഥാപനത്തിൽ നിന്നും എൽ.പി./യു.പി. സ്കൂൾ ഹൈടെക് ആക്കൽ എന്ന പ്രോജക്ട് പ്രകാരം ഉപകരണ/സാമഗ്രികൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് 29.01.2019-ൽ സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. സ്ഥാപനം സമർപ്പിച്ച ബില്ലുകൾ പ്രകാരം 399600/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. (113000+147000+139600)

(1) ഇൻവോയ്സ് നം./തീയതി - KMR4772/15.03.19

ബിൽ തുക- 95763/-

ജി.എസ്.റ്റി.-17237/-

ആകെ ബിൽ തുക - 1,13,000/-

(2) ഇൻവോയ്സ് നം./തീയതി - KMR4577/28.02.19

ബിൽ തുക- 114844/-

ജി.എസ്.റ്റി.-32156/-

ആകെ ബിൽ തുക - 1,47,000/-

(3) ഇൻവോയ്സ് നം./തീയതി - KMR4578/28.02.19

ബിൽ തുക- 118305/-

ജി.എസ്.റ്റി.-21295/-

ആകെ ബിൽ തുക- 1,39,600/-

ക്രമ നം. (1),(2)&(3) പ്രകാരമുള്ള ടാക്സ് കംപോണന്റ് ഒഴികെയുള്ള തുക- 328912/- രൂപ.

റ്റി.ഡി.എസ്. 2% - 6578/-രൂപ ( CGST-3289 &SGST-3289) .

ജി.എസ്.റ്റി. റ്റി.ഡി.എസ് തുക ഈടാക്കി ഒടുക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 കണ്ടകത്തുശ്ശേരി 26-ൽ മുതൽ കരിക്കമഠം പാലം വരെ റോഡ് കോൺക്രീറ്റിംഗ്-ക്വാറിമക്ക് വിരിക്കലിന് അധിക നിരക്ക് നൽകി

2018-19 വർഷം നടപ്പിലാക്കിയ കണ്ടകത്തുശ്ശേരി 26-ൽ മുതൽ കരിക്കമഠം പാലം വരെ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിയുടെ(പ്രോ.നം. 83/19) എസ്റ്റിമേറ്റിലെ ഒന്നാം ഇനമായി "Filling up low lying and water logged areas with local material/quarry muck, spreading in layers, leveling the top at site and consolidation by ramming etc complete." എന്ന പ്രവൃത്തിയും രണ്ടാം ഇനമായി " Cement concrete 1:2:4 (1 cement : 2 coarse sand : 4 graded stone aggregate 40 mm nominal size ) in pavements, laid to required slope and camber in panels as required including consolidation finishing and tamping complete " എന്ന പ്രവൃത്തിയുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. തയാറാക്കിയ ഒബ്സർവ്ഡ് ഡേറ്റ പ്രകാരം "Filling up low lying and water logged areas with local material/quarry muck..." എന്ന ഇനത്തിന് 1472.62/$m^3$ എന്ന നിരക്കിലാണ് തുക അനുവദിച്ച് നൽകിയിട്ടുള്ളത്. എന്നാൽ ഈ ഇനത്തിന് അർഹമായ നിരക്ക് താഴെ കൊടുക്കുന്നു.

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | Soil gravel mixture/quarry waste | cum | 300.00000 | 935.00 | 280500.00 |
| L-12 | Mate | Day | 0.40000 | 407.00 | 162.80 |
| L-31 | Mazdoor (Skilled) | Day | 2.00000 | 407.00 | 814.00 |
| L-29 | Mazdoor (Unskilled) | Day | 8.00000 | 368.00 | 2944.00 |
| | TOTAL | | | | 284420.80 |
| | cost for 300.0 cum | | | | 284420.80 |
| | cost for one cum | | | | 948.07 |
| | say | | | | 948.07 |

| |
|---|
| Add Overhead @ 10.0% 94.80 |
| Add Contractors Profit @ 10.0% 104.28 |
| SAY1147.16 |

| | |
|---|---|
| Cost index 54.9 % | 8.68 |
| Total with Cost index | 1155.85 |
| Say | 1155.85 |

തൻവർഷം നടപ്പിലാക്കിയ മറ്റെല്ലാ റോഡ് പ്രവൃത്തികൾക്കും 1155.85/$m^3$ എന്ന മേൽ നിരക്കിലാണ് ക്വാറിമക്ക് വിരിക്കലിന് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ ഇതിന് വിരുദ്ധമായി "കണ്ടകത്തുശ്ശേരി 26-ൽ മുതൽ കരിക്കമഠം പാലം വരെ റോഡ് കോൺക്രീറ്റിംഗ് " എന്ന പ്രോജക്ട് പ്രകാരം 25.084 $M^3$ ക്വാറിമക്ക് വിരിക്കൽ പ്രവൃത്തിയ്ക്ക് അധിക നിരക്ക് ( 1472.62/$m^3$ ) അനുവദിച്ചിട്ടുണ്ട്.

അനുവദിച്ച തുക => 25.084 @1472.62/$m^3$ = 36939/-

അർഹമായ തുക=>25.084 @1155.85/$m^3$ = 28993/-

അധികം നൽകിയ തുക = 36939-28993 =7946/-

വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന്(നം.13/16.11.2020) ന്യൂനത മനസിലാക്കി അധികമായി നൽകിയ തുക തിരിച്ചടക്കുന്നതിന് കരാറുകാരന് നോട്ടീസ് നൽകുന്നതാണെന്നറിയിച്ചിട്ടുണ്ട്. അധികം നൽകിയ

7946/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. കരാറുകാരനിൽ നിന്നും തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.തുക ഈടാക്കി ഒടുക്കവിവരം അറിയിക്കുന്നത് വരെ ആയത് നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിലനിർത്തുന്നു.

<u>പ്രോജക്റ്റ് വിവരം</u>

അടങ്കൽ:2,10,000/-(വി.ഫ.ധക.ഗ്രാന്റ്- 2,00,000;മെ.ഗ്രാന്റ് റോഡിതരം-10000/-)

ചെലവ്:209834/-(ബിൽനം. 36/18/19/26.03.19- 2,00,000/-

ബിൽനം. 37/18/19/26.03.19- 9834/- )

കരാറുകാരൻ:ശ്യാംകുമാർ വി.സി.

കരാർ നം. : 38/AE/LSGD/KVLM/18-19 തീയതി:14.01.2019

എം. ബുക്ക് നം.:30/18-19

പ്രവൃത്തി മൂല്യം: 209834/-

കരാറുകാരന് നൽകിയ തുക: 205638/- (IT,KCWWF തുകകൾ കിഴിച്ച്)

## <u>ഭാഗം -4</u>

## <u>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

### 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | | | | 0 |
| | | 100000 | പാലിയേറ്റീവ് കെയർ | 100000 | |
| | | 75000 | അംഗൻവാടി പോഷകാഹാരം | 4445 | 70555 |
| | | 835200 | ലൈഫ് ഭവന പദ്ധതി(ജനറൽ) | 835200 | |
| | | 100000 | സ്കോളർഷിപ്പ് | 100000 | |
| | | 565500 | വയോജനങ്ങൾക്ക് കട്ടിൽ | 523865 | 41635 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | അങ്കണവാടി പോഷകാഹാരം | 65719 | 34281 |
| | | 500847 | ലൈഫ് ഭവന പദ്ധതി(ജനറൽ) | 500847 | |
| | | 515000 | ലൈഫ് ഭവന പദ്ധതി(സ്പിൽ ഓവർ പ്രോജക്റ്റ്) | 395000 | 120000 |
| | | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| | | 1740000 | അങ്കണവാടിനിർമ്മാണം | 0 | 1740000 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ | 41/18-19 തീയതി 24.11.2018 | 245534 | - | 245534 |

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(ms)68/2018/LSGD/18.05.2018 | 9363953 | - | - | - | 9363953 |

•

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 27,796/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2017-18 | 3-7 | 420 | അനിൽ. കെ.ആന്റോ, കൃഷി ഓഫീസർ | 118030100107/08.05.2018 |
| 2008-09 മുതൽ 2010-11 വരെ | 3-13(B) | 5342 | ശോഭനാ രാമകൃഷ്ണൻ (റിട്ട. സെക്രട്ടറി) | 118030500001/09.05.2018 |
| 2016-17 | | 250 | ഡോ.സുബാഷ്, മെഡിക്കൽ ഓഫീസർ, ആയുർവേദം | 118030100202/12.06.2018 |
| 2016-17 | 3-12(9) | 928 | ഡോ.സുബാഷ്, മെഡിക്കൽ ഓഫീസർ, ആയുർവേദം | 118030100214/06.06.2018 |
| 2016-7 | 3-12(4) | 5100 | എം.എ.സിറാജുദ്ദീൻ, കൃഷി ഓഫീസർ | 118030100221/21.06.2018 |
| 2013-14 | 3-4 | 6644 | ഷൈനി,അസി.എക്സി.എൻജിനീയർ | 118030100275/09.07.2018 |
| 2006-07 | 3-5 | 9112 | ജോർജ്ജ് ബേബി.റ്റി.ജെ, കൃഷി ഓഫീസർ | 9493510004/04.12.2018 |
| ആകെ | | 27796 | | |

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2003-2004 | 2-4 | 2007-2008 | 3.24.1 | ടെണ്ടർ ക്ഷണിക്കാതെ പൈപ്പ് വാങ്ങി | ആർ.ആർ.നടപടി സ്വീകരിച്ചിട്ടുണ്ട് |

4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം.

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 44096509 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45777396 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 48246 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1697308 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 20000 | ശ്രീമതി ഇന്ദിര. റ്റി.കെ ഹെഡ്മിസ്ട്രസ് |
| 3-2 | - | 20300 | ശ്രീമതി ഇന്ദിര. റ്റി.കെ ഹെഡ്മിസ്ട്രസ് |
| 3-3 | - | 7946 | ശ്രീ. ഫസലുൽ റഹ്മാൻ, അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | - | 48246 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18(1) | 200000 | ശ്രീ. രാജശേഖരൻ.എസ്, അസിസ്റ്റന്റ് സെക്രട്ടറി (ഇൻചാർജ്) |
| 1-18(2) | 245534 | ശ്രീമതി. റാഷിദ, സെക്രട്ടറി |
| 1-19 | 130000 | ശ്രീ. രാജശേഖരൻ.എസ്, അസിസ്റ്റന്റ് സെക്രട്ടറി (ഇൻചാർജ്) |
| 1-20 | 699200 | ശ്രീ.വിനോദ്, സെക്രട്ടറി |
| 1-21 | 9824 | ശ്രീ.എസ്.രാജശേഖരൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-22 | 36000 | ഡോ. നിഥുൻ കബീർ,പി.എച്ച്.സി.മെഡിക്കൽ ഓഫീസർ |
| 1-23 | 49000 | ഡോ. നിഥുൻ കബീർ, പി.എച്ച്.സി.മെഡിക്കൽ ഓഫീസർ |
| 1-25 | 175650 | ശ്രീമതി റിനി, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-28 | 52500 | ശ്രീമതി ഇന്ദിര റ്റി.കെ, ഹെഡ്മിസ്ട്രസ്, |
| 1-29 | 99600 | ശ്രീമതി ഇന്ദിര റ്റി.കെ, ഹെഡ്മിസ്ട്രസ്, |
| | | |

| | | |
|---|---|---|
| ആകെ | 1697308 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

<u>ജി.എസ്.റ്റി – റ്റി.ഡി.എസ്</u>

| ഖണ്ഡിക | കേന്ദ്രസർക്കാർ | സംസ്ഥാന സർക്കാർ |
|---|---|---|
| 1-28 | 3289 | 3289 |
| 1-34 | 21196 | 21196 |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

<u>ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി റാഷിദ, സെക്രട്ടറി | സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്തു | കാട്ടുങ്കൽ, സിവിൽസ്റ്റേഷൽ, ആലപ്പുഴ |
| ശ്രീ. പി.വി. വിനോദ് | സെക്രട്ടറി, മുഹമ്മ ഗ്രാമപഞ്ചായത്ത് | കട്ടത്താനം, അവലൂക്കുന്ന്.പി.ഒ |
| ശ്രീ. തിലകൻ.റ്റി. ആർ, അസിസ്റ്റന്റ് എൻജിനീയർ | സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്തു | അതുൽ ഭവൻ, കലവൂർ |
| ശ്രീമതി ഇന്ദിര. റ്റി.കെ ഹെഡ്മിസ്ട്രസ്, | സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്തു | രാഹുൽ ഭവൻ, കാവാലം |
| ശ്രീ.എസ്.രാജശേഖരൻ, അസി.സെക്രട്ടറി | സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്തു | തിരുവാതിര, കളർകോട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടുകളുടെ വിവരം |
|---|---|
| 1984-85 | എൽ.എഫ്.എ.10/1402/87 തീയതി,11.02.88 |
| 1985-86 | എൽ.എഫ്.എ.10/1067/88 തീയതി,09.03.89 |
| 1986-87 | എൽ.എഫ്.എ.10/1171/89 തീയതി, 10.10.89 |
| 1987-88 | എൽ.എഫ്.എ.10/246/91 തീയതി, 31.02.1991 |
| 1989-90 | എൽ.എഫ്.എ.10/1552/91 തീയതി, 7.2.91 |
| 1990-91 | എൽ.എഫ്.എ.10/994/92 തീയതി, 11.2.92 |
| 1991-92, 92-93 | എൽ.എഫ്.എ.10/420/93 തീയതി, 18.5.03 |
| 1993-94, 94-95 | എൽ.എഫ്.എ.10/663/98 തീയതി 17.5.09 |

| | |
|---|---|
| 1997-98 (ചെലവ്) | എൽ.എഫ്.എ.14/92/01/21.04.01/5.7.01 |
| 1999-00 | എൽ.എഫ്.ജി.എ5/1832/11/28.1.12 |
| 2002-03 (ചെലവ്) | എൽ.എഫ്. ജി.എ5/1832/11/8.2.12 |
| 2003-04 (ചെലവ്) | എൽ.എഫ്.ജി.എ5/1832/11/28.2.12 |
| 2006-07(ചെലവ്) | എൽ.എഫ്.എ.പി1/ഡി.പി./298/11/24.6.11/31.3.11 |
| 2007-08 (ചെലവ്) | എൽ.എഫ്.എ.പി1/ഡി.പി./299/11/27.6.11/31.7.11 |
| 2008-09,<br>2009-10, 10-11 | എൽ.എഫ്.എ.പി.10/837/2012/14.2.12 |
| 2011-12,12-13 | എൽ.എഫ്.എ.പി.10/489/14/3.6.14/15.7.14 |
| 2013-14 | കെ.എസ്.എ/എ.എൽ.പി/പി.10-1569/15, 23.12.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി-പി.10/838/2016/30.7.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി-പി.10/47/2017/24.01.17 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി10-1314/17 തീയതി, 04.11.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി-പി10-577/19 തീയതി, 29.06.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,ആലപ്പുഴ.

## അനുബന്ധം.1

### ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കാവാലം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം.2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ